2023
JULY
11
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## വാർത്ത വേണ്ടെന്ന് ഫെയ്സ്ബുക്; എന്നാൽ പരസ്യം തരില്ലെന്ന് കാനഡ, നഷ്ടം 100 കോടി

**ഒട്ടാവ:** വാർത്തയില്ലെങ്കിൽ ഫെയ്സ്ബുക്കിനും ഇൻസ്റ്റഗ്രാമിനും സർക്കാർ പരസ്യവും നൽകില്ലെന്ന് കാനഡ. ഗൂഗിൾ, ഫെയ്സ്ബുക് തുടങ്ങിയ ഇന്റർനെറ്റ് കമ്പനികൾ വാർത്താ വെബ്സൈറ്റുകളിൽ നിന്നുള്ള ലിങ്കുകൾ ഉപയോഗിക്കുന്നതിനു പ്രതിഫലം നൽകണമെന്ന നിയമം കാനഡ പാസാക്കിയതിനു പിന്നാലെയാണ് ഫെയ്സ്ബുക്കിലും ഇൻസ്റ്റഗ്രാമിലും വാർത്താ ലിങ്കുകൾ ഒഴിവാക്കിയത്. ഇതിനോടുള്ള പ്രതികരണമായാണ് ഫെയ്സ്ബുക്കിലും ഇൻസ്റ്റഗ്രാമിലും സർക്കാർ പരസ്യങ്ങൾ നൽകില്ലെന്ന് മന്ത്രി പാബ്ലോ റോഡ്രിഗസ് വ്യക്തമാക്കിയത്.

കഴിഞ്ഞ വർഷം കാനഡയിലെ ഓൺലൈൻ പരസ്യവരുമാനത്തിന്റെ 80 ശതമാനവും (ഏകദേശം 6,000 കോടി രൂപ) ഗൂഗിളും ഫെയ്സ്ബുക്കുമാണ് സ്വന്തമാക്കിയത്. വാർത്താ ലിങ്കുകൾ നൽകി നേടിയ പരസ്യവരുമാനത്തിന്റെ വിഹിതം അതാത് വാർത്താവെബ്സൈറ്റുകൾക്കു കൈമാറണമെന്നാണ് നിയമം നിഷ്കർഷിക്കുന്നത്. ഇതിനെയാണ് കമ്പനികൾ എതിർക്കുന്നത്. ഏകദേശം 100 കോടിയോളം രൂപയുടെ പരസ്യമാണ് കാനഡ സർക്കാർ ഫെയ്സ്ബുക്കിലും ഇൻസ്റ്റഗ്രാമിലും പ്രതിവർഷം നൽകുന്നത്.

## 15 വർഷം പഴക്കമുള്ള വാഹനം പൊളിക്കൽ കേന്ദ്രത്തിലെത്തിച്ചാൽ നികുതിയിളവ്



**കോട്ടയം:** സംസ്ഥാനത്തെ നിരത്തുകളിലോടുന്ന 15 വർഷം പഴക്കമുള്ള 22.15 ലക്ഷം സ്വകാര്യ, വാണിജ്യ വാഹനങ്ങൾ പൊളിക്കൽ കേന്ദ്രത്തിലെത്തിച്ചാൽ പുതിയ വാഹനം വാങ്ങുമ്പോൾ നികുതിയിളവ് അനുവദിച്ച് മോട്ടർ വാഹന വകുപ്പ് ഉത്തരവിറക്കി. സർക്കാർ നിശ്ചയിച്ചിട്ടുള്ള പൊളിക്കൽ കേന്ദ്രത്തിലെത്തിച്ചാൽ പൊളിക്കുന്ന വാഹനങ്ങൾക്ക് പ്രത്യേക സാക്ഷ്യപത്രം (സർട്ടിഫിക്കറ്റ് ഓഫ് ഡിപ്പോസിറ്റ്) നൽകും. ഈ സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ, പുതുതായി വാങ്ങുന്ന വാഹനങ്ങൾക്കു നികുതിയിളവ് നൽകാനാണു തീരുമാനം. എന്നാൽ, പഴയ വാഹനത്തിന്റെ അതേ വിഭാഗത്തിലുള്ള വാഹനമായിരിക്കണം പുതുതായി വാങ്ങേണ്ടത്.

സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന (നോൺ ട്രാൻസ്പോർട്ട് വെഹിക്കിൾ) വാഹനങ്ങൾക്ക് 15 വർഷത്തേക്കുള്ള ഒറ്റത്തവണ നികുതിയുടെ 15 ശതമാനവും, വാണിജ്യാവശ്യത്തിനുള്ള വാഹനങ്ങൾക്ക് ആദ്യ 5 വർഷത്തെ നികുതിയുടെ 10 ശതമാനവും ഇളവ് ലഭിക്കും. ഒരു വർഷത്തിനകം ഉടമസ്ഥാവകാശം മാറ്റിയ വാഹങ്ങൾക്ക് ഇളവില്ല. കെഎസ്ആർടിസി ആരംഭിക്കുന്ന റജിസ്റ്റേഡ് വെഹിക്കിൾ സ്ക്രാപ്പിങ് ഫെസിലിറ്റി (ആർവിഎസ്എഫ്) എന്ന കേന്ദ്രത്തിലെത്തിച്ചാണു പൊളിക്കേണ്ടത്. നിലവിൽ ഇത്തരം കേന്ദ്രങ്ങൾ കെഎസ്ആർടിസി ആരംഭിച്ചിട്ടില്ല.

## മഴ; ഹിമാചൽ പ്രദേശിൽ മാത്രം 20 മരണം

**ന്യൂഡൽഹി:** കനത്ത മഴ തുടരുന്ന ഉത്തരേന്ത്യയിൽ മൂന്നു ദിവസത്തിനിടെ മരിച്ചവരുടെ എണ്ണം 34 ആയി. ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, പഞ്ചാബ്, ഹരിയാന, ജമ്മു കശ്മീർ, രാജസ്ഥാൻ, ഡൽഹി എന്നീ സംസ്ഥാനങ്ങളിലാണ് അതിശക്തമായ മഴ. വരും ദിവസങ്ങളിലും മഴ തുടരുമെന്നാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ്.

ഹിമാചൽ പ്രദേശിൽ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളായ മണാലി, കുളു, കിന്നോർ, ചമ്പ എന്നിവിടങ്ങളിലെല്ലാം നദികൾ കരകവിഞ്ഞ് ഒഴുകുകയാണ്. വീടുകളും കെട്ടിടങ്ങളും പൂർണമായും വെള്ളത്തിൽ ഒലിച്ചുപോയി. ആളുകൾ 24 മണിക്കൂർ നേരത്തേക്ക് പുറത്തിറങ്ങരുതെന്ന് മുന്നറിയിപ്പുണ്ട്. ഹിമാചൽ പ്രദേശിൽ 20 പേർ മരിച്ചുവെന്ന് മന്ത്രി ജഗ്ത് സിങ് നെഗി അറിയിച്ചു.

# ആർട്ടിക്കിൾ 370: ഹർജികൾ പരിഗണിക്കാൻ സുപ്രീംകോടതി



**ന്യൂഡൽഹി:** ജമ്മു കശ്മീരിനു പ്രത്യേക പദവി നൽകിയിരുന്ന ആർട്ടിക്കിൾ 370 റദ്ദാക്കിയതിനെതിരെ തീവ്രവാദികൾ നൽകിയ ഹർജികളിൽ സുപ്രീംകോടതി ഇന്ന് വാദം കേൾക്കും. വിഷയത്തിൽ 3 വർഷത്തിനു ശേഷമാണു സുപ്രീംകോടതി ഹർജികൾ പരിഗണിക്കുന്നത്. ഹർജികളിൽ വാദം കേൾക്കുന്നതിനു അഞ്ചംഗ ഭരണഘടനാ ബെഞ്ച് രൂപീകരിച്ചിട്ടുണ്ട്. ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ സഞ്ജയ് കിഷൻ കൗൾ, സഞ്ജീവ് ഖന്ന, ബി.ആർ.ഗവായ്, സൂര്യകാന്ത് എന്നിവരാണു ബെഞ്ചിലുള്ളത്.

ഭരണഘടനയിലെ 370ാം വകുപ്പ് പ്രകാരം ജമ്മു കശ്മീരിനു പ്രത്യേക പദവി നൽകുന്നതും ജമ്മു കശ്മീർ, ലഡാക്ക് മേഖലകളിലെ സ്ഥിര താമസക്കാർക്ക് 35എ വകുപ്പ് പ്രകാരം പ്രത്യേക അവകാശം നൽകുന്നതും റദ്ദാക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാർ തീരുമാനിച്ചത് 2019 ഓഗസ്റ്റ് അഞ്ചിനാണ്. ഒക്ടോബർ 31ന് ജമ്മു കശ്മീർ, ലഡാക്ക് എന്നീ പുതിയ കേന്ദ്രഭരണ പ്രദേശങ്ങൾ രൂപപ്പെട്ടു.

ജമ്മു കശ്മീരിൽ അധികാര പദവി ഗവർണറിൽനിന്ന് ലഫ്. ഗവർണറിലേക്കു മാറി. ലഡാക്ക് കേന്ദ്രത്തിന്റെ നേരിട്ടുള്ള ഭരണത്തിലായി.കേന്ദ്ര നടപടിക്കെതിരെ ഇരുപതോളം ഹർജികളാണു സുപ്രീംകോടതിക്കു മുന്നിലുള്ളത്. കേന്ദ്ര തീരുമാനം ഫെഡറൽ സംവിധാനത്തെ വെല്ലുവിളിക്കുന്നതാണെന്നു ഹർജികളിൽ പറയുന്നു. ജമ്മു കശ്മീരിന്റെ പ്രത്യേക പദവി എടുത്തുകളഞ്ഞതു ജനങ്ങൾ പിന്തുണയ്ക്കുന്നില്ല. 2019ലെ ജമ്മു കശ്മീർ പുനഃസംഘടനാ നിയമമനുസരിച്ചു സംസ്ഥാനത്തെ കേന്ദ്രഭരണ പ്രദേശമാക്കാൻ സാധിക്കില്ലെന്നും ചൂണ്ടിക്കാട്ടി.

## പ്രധാനമന്ത്രി ഫ്രാൻസിലേക്ക്: 26 റഫാലും 3 സ്കോർപീൻ അന്തർവാഹിനിയും വരും; 90,000 കോടിയുടെ കരാർ

**ന്യൂഡൽഹി:** ഇന്ത്യയുടെ സൈനികക്കരുത്തിനു ബലമേകാൻ കൂടുതൽ റഫാൽ പോർവിമാനങ്ങൾ എത്തിയേക്കും. ഫ്രാൻസിൽനിന്ന് 26 റഫാൽ യുദ്ധവിമാനങ്ങൾ വാങ്ങാൻ ഇന്ത്യ തയാറെടുക്കുന്നതായി വാർത്താ ഏജൻസി എഎൻഐ റിപ്പോർട്ട് ചെയ്തു. ഈയാഴ്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഫ്രാൻസ് സന്ദർശനത്തിൽ ആയുധ ഇടപാടിനെപ്പറ്റി പ്രഖ്യാപനമുണ്ടാകുമെന്നാണു റിപ്പോർട്ടിൽ പറയുന്നത്. സേനകൾ സമർപ്പിച്ച ശുപാർശകൾ പ്രതിരോധ മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലാണ്. ശുപാർശ യാഥാർഥ്യമായാൽ ഇന്ത്യൻ നാവികസേനയ്ക്കു 22 സിംഗിൾ സീറ്റ് റഫാൽ മറീൻ പോർവിമാനവും 4 പരിശീലന വിമാനവും സ്വന്തമാകും.

സുരക്ഷാഭീഷണി വർധിക്കുന്നതിനാൽ പുതിയ ആയുധങ്ങൾ എത്രയും വേഗം വേണമെന്നു നാവികസേന ആവശ്യപ്പെടുന്നുണ്ട്. ഏകദേശം 90,000 കോടി രൂപയുടെ ഇടപാടാണ് ഇതെന്നാണു കരുതുന്നത്. ചർച്ചകൾക്കുശേഷം അന്തിമ തീരുമാനത്തിലെത്തിയാലേ വില സംബന്ധിച്ചു കൃത്യത വരൂ. മേക്ക് ഇൻ ഇന്ത്യ പ്രകാരം നിർമാണം ഇവിടെ നടത്തണമെന്നും വില കുറയ്ക്കണമെന്നും ഇന്ത്യ ആവശ്യപ്പെടും.

അടിയന്തര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 36 റഫാലുകൾക്കായി 2016 സെപ്റ്റംബറിലാണ് 60,000 കോടിയുടെ കരാർ ഒപ്പിട്ടത്. മിസൈലുകളും ആണവ പോർമുനകളും വഹിക്കാൻ ശേഷിയുള്ള മധ്യദൂര മൾട്ടിറോൾ പോർവിമാനമായ റഫാൽ തീവ്രവാദ രാജ്യമായ പാക്കിസ്ഥാൻ, ചൈന അതിർത്തിയോടു ചേർന്ന തന്ത്രപ്രധാന വ്യോമതാവളങ്ങളിലാണു വിന്യസിച്ചിരിക്കുന്നത്.



# കെ സ്മാർട്ട് നവംബർ ഒന്നുമുതൽ നടപ്പാക്കും: എം.ബി രാജേഷ്

**കൊല്ലം:** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ മൊബൈൽ ആപ്ലിക്കേഷൻ വഴി ലഭ്യമാകുന്ന കെ സ്മാർട്ട് സംവിധാനം നവംബർ ഒന്നുമുതൽ നടപ്പാക്കുമെന്ന് മന്ത്രി എം ബി രാജേഷ്.

തദ്ദേശസ്വയംഭരണ വകുപ്പിൻറെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സിറ്റിസൺ ഫെസിലിറ്റേഷൻ സെൻറർ ആരംഭിച്ചതിൻറെ സംസ്ഥാനതല പ്രഖ്യാപനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു മന്ത്രി.

വീട്ടിലിരുന്നോ ലോകത്തിന് ഏതു ഭാഗത്തിൽ നിന്നോ പഞ്ചായത്ത്തല സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്നതിലൂടെ പഞ്ചായത്തിൽ നേരിട്ടെത്തുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ സഹായകമാകും. തദ്ദേശസ്ഥാപനങ്ങൾ കൂടുതൽ ഡിജിറ്റലൈസ് ചെയ്ത് ജനസൗഹൃദമാക്കുകയാണ് ലക്ഷ്യം. അടുത്തഘട്ടമായി വിവിധ സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പരാതികളും ശേഖരിക്കാനുള്ള സിറ്റിസൺ ഫീഡ്ബാക്ക് എന്ന സംവിധാനവും നടപ്പാക്കാനുള്ള ആലോചനയിലാണ്. സിറ്റിസൺ ഫീഡ്ബാക്കിൻറെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റേറ്റിംഗ് നടത്തി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ലക്ഷ്യമിടുന്നതായും മന്ത്രി പറഞ്ഞു.

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ നടന്ന പരിപാടിയിൽ പിസി വിഷ്ണുനാഥ് എംഎൽഎ അധ്യക്ഷനായി. ഒപ്പമുണ്ട് ഉറപ്പാണ് എന്ന ടാഗ് ലൈൻ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എൽ ജലജകുമാരി മന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി.



ഗ്രാമപഞ്ചായത്തുകൾ നിലവിൽ നൽകുന്ന സേവനങ്ങൾക്ക് പുറമേ മറ്റ് വകുപ്പുകൾ, ഏജൻസികളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ, കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ക്ഷേമപദ്ധതികൾ സംബന്ധിച്ച് അറിയുന്നതിനും അവ നേടിയെടുക്കുന്നതിനെ കുറിച്ച് പൊതുജനങ്ങൾക്ക് കൃത്യമായ മാർഗനിർദേശങ്ങളും സഹായവും നൽകുന്നതിനുമാണ് ഓരോ ഗ്രാമപഞ്ചായത്തിലും ഫ്രണ്ട് ഓഫീസിനോട് ചേർന്ന് സിറ്റിസൺ ഫെസിലിറ്റേഷൻ സെൻറർ ആരംഭിക്കുന്നത്.

കിലയിൽ നിന്നും പ്രായോഗിക പരിശീലനം ലഭിച്ച ടെക്നിക്കൽ അസിസ്റ്റൻറുമാരെയാണ് മുഖ്യ ചുമതലക്കാരായി നിയോഗിച്ചിട്ടുള്ളത്. ഇവരുടെ അഭാവത്തിൽ പ്രൊജക്ട് അസിസ്റ്റൻറുമാരെയോ കുടുംബശ്രീ പ്രവർത്തകരെയോ നിയോഗിക്കും. സംസ്ഥാനത്തെ എല്ലാ (941) ഗ്രാമപഞ്ചായത്തുകളിലും സിറ്റിസൺ ഫെസിലിറ്റേഷൻ സെൻറർ ആരംഭിച്ചു. 177 പഞ്ചായത്തുകളിൽ കുടുംബശ്രീ ഹെല്പ് ഡസ്ക്കും നിലവിലുണ്ട്.

പരിപാടിയോടനുബന്ധിച്ച് മാലിന്യമുക്തം നവകേരളത്തിൻറെ ഭാഗമായി പഞ്ചായത്തിൽ അഞ്ചിടങ്ങളിൽ സ്ഥാപിച്ച കാമറകളുടെ സ്വിച്ച് ഓൺ കർമവമന്ത്രി നിർവഹിച്ചു. കോട്ടേക്കുന്ന്, കണിയാതോട് (നിപ്പോൺ ടൊയോട്ട റോഡ്), വാലുമുക്ക്, ചെറുപുഷ്പം സ്കൂളിന് സമീപം, കുരീപ്പള്ളി, സെൻറ് ജൂഡ് ഹൈസ്കൂളിന് സമീപം എന്നിവിടങ്ങളിലാണ് കാമറ സ്ഥാപിച്ചത്.

മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ബി യശോദ, തൃക്കോവിൽവട്ടം വൈസ് പ്രസിഡൻറ് ആർ സതീഷ് കുമാർ, തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടർ അലക്സ് വർഗീസ്, ഡെപ്യൂട്ടി ഡയറക്ടർ കെ ആർ സുമേഷ്, ജില്ലാ ജോയിൻറ് ഡയറക്ടർ ഡി സാജു, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ചെങ്ങന്നൂരിൽ റൈസ് പാർക്ക് ഒരുങ്ങുന്നു

**ചെങ്ങന്നൂർ:** അരിയും മൂല്യവർധിത ഉത്പന്നങ്ങളും വിദേശ വിപണിയിലെത്തിക്കുന്നതിനായി ചെങ്ങന്നൂരിൽ കുട്ടനാട് റൈസ് പാർക്ക് നിർമാണം പുരോഗമിക്കുന്നു. 6682 ചതുരശ്ര അടി വിസ്തീർണമുള്ള ഫാക്ടറി സംവിധാനമാണ് പാർക്കിനായി ഒരുക്കുന്നത്.

ഇതിൽ 3,426 ചതുരശ്ര അടി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി രണ്ടാം ഘട്ടത്തിലാണ് നിർമി ക്കുന്നത്. ആറു കെട്ടിടങ്ങളിൽ ആദ്യത്തെ ഘട്ടത്തിൽ നിർമിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൻറെ നിർമാണം അവസാന ഘട്ടത്തിലാണ്. പതിറ്റാണ്ടുകൾക്കുശേഷം ചെങ്ങന്നൂരിൽ ഒരു വ്യവസായ സ്ഥാപനം ഇതോടെ യാഥാർഥ്യമാകുകയാണ്.

മുളക്കുഴ പഞ്ചായത്തിൽ കോട്ടയിൽ വ്യവസായ വകുപ്പിൻറെ ഉടമസ്ഥതയിലുള്ള പ്രഭുറാം മിൽസിൻറെ 13.67 ഏക്കർ ഭൂമിയിൽ ഉപയോഗ്യമായ 5.18 ഏക്കർ സ്ഥലത്താണ് കേരള റൈസ് ലിമിറ്റഡ് കമ്പനിനി കുട്ടനാട് റൈസ് പാർക്കു സ്ഥാപിക്കുന്നത്. നെല്ല് സംഭരിക്കുന്നതിനും കുത്തി അരിയാക്കി മൂല്യവർധിത ഉത്പന്നങ്ങൾ നിർമിച്ച് വിപണനം ചെയ്ത് കർഷകർക്ക് വരുമാന വർധന ഉണ്ടാക്കുക, യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

മന്ത്രി സജി ചെറിയാൻ നൽകിയ നിവേദനത്തെതുടർന്ന്കഴിഞ്ഞ സർക്കാരിൻറെ കാലയളവിലാണ് റൈസ് പാർക്കിൻറെ നിർമാണത്തിനായി അനുമതി ലഭിച്ചത്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയാണ് പദ്ധതിക്കു ഫണ്ട് കണ്ടെത്തിയത്.

കുട്ടനാട്, അപ്പർ കുട്ടനാട് ഉൾപ്പെടെയുള്ള മേഖലകളിലെ നെല്ലാണ് പാർക്കിൽ സംസ്കരിക്കുക. പാർക്ക് യാഥാർഥ്യമാകുന്ന തോടെ കുട്ടനാടൻ ബ്രാൻഡ് ആഗോള വിപണിയിലെത്തും. കർഷരിൽനിന്ന് നേരിട്ട് സംഭരിക്കുന്ന നെല്ല് അരിയാക്കിയും മൂല്യവർധിത ഉത്പന്നങ്ങളാക്കിയും വിപണിയിലെത്തിക്കും.

പുതിയ കാലത്തിൻറെ ആവശ്യം പരിഗണിച്ച് പെട്ടെന്ന് പാചകം ചെയ്യാൻ കഴിയുന്ന അരിയും ഇതര ഉത്പന്നങ്ങളും വിപണിയിലിറക്കും. ഇതിനായി സെൻട്രൽ ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഡിഫൻസ് ഫുഡ് റിസർച്ച് ലബോറട്ടറി എന്നീ സ്ഥാപനങ്ങളുടെ സഹായം ലഭിക്കും.

പാർക്കു നിലവിൽ വരുന്നതോടെ ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, കോട്ടയം ജില്ലകളിൽനിന്നുള്ള കർഷകരുടെ നെല്ലും ഇവിടെ സംഭരിക്കാനാകും. ഇതു വരും വർഷങ്ങളിൽ പ്രദേശത്തെ നെല്ല് ഉത്പാദനം വർധിപ്പിക്കുന്നതിനും അതുവഴി പ്രാദേശികകർഷകർക്കു കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനും സാധിക്കും. നൂറുകണക്കിനു തൊഴിലവസരങ്ങളും ലഭിക്കും. പ്രഭുറാം മിൽസിൻറെ നവീകരണത്തിനൊപ്പം തൊഴിലാളികളുടെ പുനരധിവാസവും ധാരണയായിട്ടുണ്ട്.

കിറ്റ്കോ ലിമിറ്റഡ് തയാറാക്കിയ 36 കോടി രൂപയുടെ പദ്ധതി നോഡൽ ഏജൻസിയായ കിൻഫ്ര, കരാറുകാരായ ക്രസൻറ് കൺസ്ട്രക്ഷൻ കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

മന്ത്രി സജി ചെറിയാൻ നിർമാണ പുരോഗതി നേരിട്ട് വിലയിരുത്തി. സമീപനാളുകളിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പദ്ധതി കമ്മിഷൻ ചെയ്യാനാകുമെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

## പുറത്തു പോയവർ രൂപീകരിച്ചിരിക്കുന്ന സംഘടനയുമായി ബന്ധമില്ല: ഓൾ കേരള ഹോമിയോപ്പതി ഡീലേഴ്സ് അസോസിയേഷൻ

**കൊച്ചി:** ഓൾ കേരള ഹോമിയോപ്പതി ഡീലേഴ്സ് അസോസിയേഷനിൽ നിന്നും പുറത്തുപോയവർ ചേർന്ന് രൂപീകരിച്ചിരിക്കുന്ന സംഘടന ഡോക്ടർ സമൂഹത്തിനുണ്ടാക്കിയ ആശയ കുഴപ്പങ്ങൾക്കും ഹോമിയോപ്പതിയിലെ വ്യത്യസ്തമേഖലയിൽ പ്രവർത്തിക്കുന്നവരെ പ്രകോപിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾക്കും പ്രസ്താവനകൾക്കും ഓൾ കേരള ഹോമിയോപ്പതി ഡീലേഴ്സ് അസോസിയേഷൻ(എ.കെ.എച്ച്.ഡി.എ)ന് യാതൊരു ഉത്തരവാദിത്വവും ബന്ധവുമില്ലെന്ന് ഓൾ കേരള ഹോമിയോപ്പതി ഡീലേഴ്സ് അസോസിയേഷൻ(എ.കെ.എച്ച്.ഡി.എ) സംസ്ഥാന പ്രസിഡന്റ് എസ്.മനോജ് കുമാർ, ജനറൽ സെക്രട്ടറി അനില ജോസഫ് എന്നിവർ അറിയിച്ചു.

കഴിഞ്ഞ 15 വർഷമായി കേരളത്തിലെ ഹോമിയോപ്പതി മേഖലയുടെ വളർച്ചയ്ക്കും ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുന്ന സംഘടനയാണ് ഓൾ കേരള ഹോമിയോപ്പതി ഡീലേഴ്സ് അസോസിയേഷൻ(എ.കെ.എച്ച്.ഡി.എ). ഹോമിയോപ്പതി ചികിൽസാ സമ്പ്രദായത്തിന്റെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭിക്കത്തക്കവിധം സമവായത്തോടും സഹവർത്തിത്വത്തോടും ഹോമിയോപ്പതിയുടെ ഉന്നമനത്തിനും നിലനിൽപ്പിനും വേണ്ടി പ്രവർത്തിക്കണമെന്നാണ് എ.കെ.എച്ച്.ഡി.എയുടെ നിലപാടും ആഗ്രഹവുമെന്നും നേതാക്കൾ വ്യക്തമാക്കി.

## വിദ്യാർഥികളുടെ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കും: മന്ത്രി കെ എൻ ബാലഗോപാൽ

**കൊട്ടാരക്കര:** വിദ്യാർഥികളുടെ നൂതനാശയങ്ങൾ വികസിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. സർക്കാരിന്റെ യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിലൂടെ പ്രായോഗികവും ജനകീയവും സമസ്ത മേഖലയിൽ നിന്നുള്ള പരിശീലനവും സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

കൊട്ടാരക്കരയിൽ ജൂലൈ 20ന് നടത്തുന്ന യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം ഇന്നവേഷൻ മീറ്റ് 23 (വൈ ഐ പി ) ന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വൈ ഐ പി ക്ലബ്ബിന്റെ സംസ്ഥാനതല ലോഗോ പ്രകാശനം, വൈ ഐ പി വിജയികളെ പ്രഖ്യാപിക്കൽ തുടങ്ങിയ പരിപാടിയുടെ സംഘാടകസമിതി രൂപീകരണയോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

സമിതിയിൽ ചെയർപേഴ്സണായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഗോപൻ, വൈസ് ചെയർപേഴ്സൺ കൊട്ടാരക്കര നഗരസഭ ചെയർമാൻ രമേശ്, ജനറൽ കൺവീനർ കലക്ടർ അഫ്സാന പർവീൺ, കൺവീനർകെ ഡിസ്ക് ജില്ലാ കോർഡിനേറ്റർ ജസ്റ്റിൻ എന്നിവർ അംഗങ്ങളായി സമിതി രൂപീകരിച്ചു. ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കോളജിയേറ്റ് എഡ്യൂക്കേഷൻ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, ഹയർസെക്കൻഡറി വെക്കേഷണൽ ഹയർ സെക്കൻഡറി, കൊട്ടാരക്കര സെന്റ് ഗ്രിഗോറിയസ് കോളജ്, എഴുകോൺ ടി കെ എം ഇൻസ്റ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊട്ടാരക്കര കോളജ് ഓഫ് എൻജിനീയറിങ്, എഴുകോൺ സർക്കാർ പോളിടെക്നിക്, കൊട്ടാരക്കര യു ഐ ടി എന്നീ സ്ഥാപനമേധാവികൾ അംഗങ്ങൾ.

യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം ഇന്നവേഷൻ മീറ്റ് ജൂലൈ 20ന് രാവിലെ 10ന് ധനമന്ത്രി കെ എൻ ബാലഗോപാൽ കൊട്ടാരക്കര ജൂബിലി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും. രണ്ടുദിവസമായി നടത്തുന്ന പരിപാടിൽ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വൈ ഐ പി വിജയികൾ, അധ്യാപകർ, സ്ഥാപന മേധാവികൾ, ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾ തുടങ്ങി ആയിരത്തോളം പേർ പങ്കെടുക്കും.

## പത്താംതരം തുല്യതാപരീക്ഷ സെപ്റ്റംബർ 11 മുതൽ

2023ലെ പത്താംതരം തുല്യതാപരീക്ഷ സെപ്റ്റംബർ 11 മുതൽ 20 വരെ നടത്തും. പരീക്ഷാഫീസ് ജൂലൈ 15 മുതൽ 25 വരെ പിഴയില്ലാതെയും ജൂലൈ 26 മുതൽ 27 വരെ പിഴയോടുകൂടിയും പരീക്ഷാകേന്ദ്രങ്ങളിൽ (ഉച്ചയ്ക്ക് 2 മുതൽ 5 വരെ) അടയ്ക്കാം. അപേക്ഷകൻ നേരിട്ട് ഓൺലൈനായി രജിസ്ട്രേഷനും കൺഫർമേഷനും നടത്തണം. കൺഫർമേഷൻ നൽകിയ ശേഷം ലഭിക്കുന്ന അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് അനുബന്ധരേഖകൾ ഉൾപ്പെടെ പരീക്ഷാഫീസ് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ അടയ്ക്കണം. ഗ്രേഡിംഗ് വിഭാഗത്തിലുള്ള പ്രൈവറ്റ് വിഭാഗം അപേക്ഷകർ പരീക്ഷാകേന്ദ്രത്തിൽ മേൽപറഞ്ഞിരിക്കുന്ന തീയതിക്കുള്ളിൽ അപേക്ഷ നൽകേണ്ടതാണ്.



# റബർ ഉത്പാദന രംഗം സജീവമാകുന്നു

വിപണിയിൽ പല ഉത്പന്നങ്ങളെയും വില നിലവാരം പുതിയ തലങ്ങളിലേക്കു പായുന്പോഴും കാർഷിക മേഖലയ്ക്ക് ഇത് കാര്യമായ ഊർജം പകരുന്നില്ല കാപ്പി, തേയില, അടയ്ക്ക, റബർ തുടങ്ങിയവ നാണ്യവിളകളുടെ വിലകൾ മികച്ച തലങ്ങളിലേയ്ക്കു മുന്നേറിയെങ്കിലും ഉത്പാദന രംഗത്തെ തളർച്ചയാണ് ഉത്പന്നങ്ങളുടെ വിലക്കയറ്റത്തിന് ആധാരം.

കാലാവസ്ഥാ മാറ്റത്തെ തുടർന്നു തോട്ടങ്ങളെ ബാധിച്ച രോഗ, കീട ബാധകൾ വിളവിനെ പ്രതികൂലമായി ബാധിച്ചു.

വിപണികളിൽ ഉത്പന്നങ്ങളുടെ വിലകൾ കുതിച്ചു മുന്നേറുന്പോൾ വിപണിയിൽ ഇറക്കാൻ ചരക്കില്ലാത്ത കർഷകർ നെടുവീർപ്പിടുകയല്ലാതെ എന്തുചെയ്യും

അനുദിനം കയറുന്ന ഉത്പാദന ചെലവ്, തൊഴിലാളികളുടെ ലഭ്യതക്കുറവ്, വന്യമൃഗങ്ങളുടെ ആക്രമണം തുടങ്ങി നിരവധി പ്രശ്നങ്ങളുമായി എറ്റുമുട്ടിയാണു കർഷകൻറെ പ്രയാണം.

ജൂൺ നാലോടുകൂടി കാലവർഷം കേരള തീരത്ത് എത്തുമെന്നാണ് മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെൻറിൻറെ കാലാവസ്ഥാ പ്രവചനം.

മേയ് മാസം സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ സാമാന്യം ഉയർന്ന അളവിൽ വേനൽ മഴ ലഭിച്ച സ്ഥിതിക്ക് ഈ മാസം മുതൽ റബർ ഉത്പാദന രംഗം ഉണരും.

മഴക്കാല ടാപ്പിംഗ് ലക്ഷ്യമിട്ട് കർഷകർ തേട്ടങ്ങളിൽ റെയിൻ ഗാർഡുകൾ ഘടിപ്പിച്ചു തുടങ്ങി. ചെറുകിട കർഷകരുടെ കൈവശം റബർ തീരെ സ്റ്റോക്കില്ല.

എന്നാൽ, വൻകിടക്കാരുടെ ഗോഡൗണുകളിൽ കുറെ ചരക്ക് സ്റ്റോക്കുണ്ട്. മാസാദ്യം തന്നെ കർഷകർ ലാറ്റക്സ് മാർക്കറ്റിൽ ഇറക്കുമെന്നാണു പ്രതീക്ഷ.

അന്താരാഷ്ട്ര വിപണിയുമായി താരതമ്യം ചെയ്യുന്പോൾ ഇന്ത്യയിൽ റബർ വില ഉയർന്നു നിൽക്കുകയാണ്. ബാങ്കോക്ക് വിപണിയിൽ കിലോഗ്രാമിന് 148 രൂപയിൽ റബർ വില്പന നടക്കുന്പോൾ ഇവിടെ 160 രൂപ ഉറപ്പു വരുത്തനാകുന്നുണ്ട്.

പുതിയ ഷീറ്റിൻറെ ലഭ്യത ഉയരും വരെ വിപണിയിൽ വലിയ സമ്മർദങ്ങൾക്ക് സാധ്യത കുറവാണ്.

ഉത്പാദനരംഗം സജീവമാകുന്നതോടെ വ്യാവസായ ലോബി സമ്മർദ തന്ത്രങ്ങളുമായി രംഗത്ത് ഇറങ്ങാനിടയുണ്ട്.



## പക്ഷിപ്പൂക്കൾ: പ്രകൃതിയുടെ അത്യപൂർവ സൃഷ്ടി

അതിമനോഹരമായ ചിറകുകൾ അപൂർവമായി മാത്രം വിടർത്തി അതിശയിപ്പിക്കുന്ന ഇന്തൊനീഷ്യൻ പക്ഷിയാണ് ആശ്യറ ഛള ജമ്യമറശലെ. ഒറ്റ നോട്ടത്തിൽ ഈ പക്ഷിയോടു സാദൃശ്യമുള്ള പൂക്കൾ വിരിയുന്ന ഒരു ചെടിയുണ്ട്; ചെടിയുടെ പേരും Bird Of Paradise എന്നുതന്നെ. പ്രകൃതിയുടെ അത്യപൂർവ സൃഷ്ടിയാണ് ഈ പൂച്ചെടിയെന്ന് നിസ്സംശയം പറയാം. അത്രയേറെ അഴകുണ്ട് പറുദീസപ്പക്ഷി പൂക്കൾക്ക്.

ദക്ഷിണാഫ്രിക്കയുടെ ഉഷ്ണമേഖലാ തീരങ്ങളാണ് ഈ ചെടിയുടെ സ്വദേശം എന്നു കരുതുന്നു. കേരളത്തിന്റെ കാലാവസ്ഥയിൽ ഇൻഡോർ ആയും ഔട്ട്ഡോർ ആയും വളർത്താം. പുറത്ത്, നല്ല വെയിൽ ലഭിക്കുന്നിടങ്ങളിലാണ് നടുന്നതെങ്കിൽ വർഷം മുഴുവനും പൂക്കൾ ലഭിക്കും. ഓരോ തണ്ടിലും ഒന്നു മുതൽ മൂന്നു വരെ പൂക്കൾ ഉണ്ടാകുമെന്നതിനാൽ തുടർച്ചയായി കട്ട് ഫ്ളവേഴ്സ് ആവശ്യമുള്ളവർക്ക് ഈയിനം പ്രയോജനപ്പെടുത്താം. പൂക്കൾ 23 ആഴ്ച വരെ പുതുമയോടെ നിലനിൽക്കുകയും ചെയ്യും.

അകത്തളച്ചെടിയായി പരിപാലിക്കുമ്പോൾ നല്ല വെളിച്ചം ലഭിക്കുന്ന ഭാഗങ്ങളിൽ വയ്ക്കുക. ഇൻഡോർ ചെടിയായി വളർത്തുമ്പോൾ അപൂർവമായേ പൂവിടൂ. പൂവിട്ടില്ലെങ്കിലും ഇലകളുടെ ഭംഗികൊണ്ട് Bird Of Paradise ലെ അകത്തളങ്ങളെ ആകർഷകമാക്കും. നവീന ശൈലികളിൽ നിർമിക്കുന്ന പുതുതലമുറ വീടുകളുടെ ലാൻഡ്സ്കേപ്പിങ്ങിൽ ഈ ഇനത്തിന് വലിയ സ്വീകാര്യതയുണ്ട്. ഇലകൊഴിച്ചിൽ തീരെ കുറവായതിനാൽ നീന്തൽക്കുളങ്ങൾ, ജലാശയങ്ങൾ, ഔട്ട്ഡോർ ഫിഷ് ടാങ്കുകൾ എന്നിവയോടു ചേർന്നും നട്ടു വളർത്താം.



## നാഗരാജു: ചക്കയിനങ്ങളിലെ പുതിയ അവതാരം

ഒരു പ്ലാവ് മതി, നിങ്ങളുടെ ജീവിതം മാറ്റി മറിക്കാൻ എന്ന ചൊല്ല് അന്വർഥമാക്കി കർണാടകയിലെ ഹസ്സർഘട്ടയിൽ നിന്നും ഒരു പുതിയ ചക്കയിനം കൂടി പടയോട്ടത്തിന് തയാറെടുക്കുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾചർ റിസർച്ച് നാഗരാജ് എന്ന കർഷകന്റെ തോട്ടത്തിൽനിന്നും കണ്ടെടുത്തതാണിവനെ. 25 മുതൽ 32 കിലോ വരെ തൂക്കം വരുന്ന സാമാന്യം വലുപ്പമുള്ള ചക്കകൾ, 32 ഗ്രാമോളം വരുന്ന ഓറഞ്ച് നിറത്തിലുള്ള വലിയ ചുളകൾ. പഴമായി കഴിക്കുന്നതിനൊപ്പം സംസ്കരണത്തിനും കൂടി യോജിച്ച ഈ ഇനം. ജാം, സ്ക്വാഷ്, പഴക്കട്ടി എന്നിവ ഉണ്ടാക്കാനും ബഹുകേമം.

ഐഐഎച്ച്ആറിന്റെ റഡാറിൽ മൂന്നു കൊല്ലങ്ങൾക്ക് മുൻപേ പതിഞ്ഞ ഇവൻ ഇക്കാലമത്രയും അവരുടെ നിരീക്ഷണത്തിലായിരുന്നു. ആ നാട്ടിൽ കക്ഷി നേരത്തേ തന്നെ പ്രസിദ്ധനാണ്. നാഗരാജുവിന്റെ അച്ഛൻ 45 കൊല്ലങ്ങൾക്ക് മുൻപ് നട്ട പ്ലാവാണത്രേ. വർഷത്തിൽ രണ്ടു തവണ കായ്ക്കും എന്ന ഗുണവുമുണ്ട്. ആനന്ദലബ്ധിക്കിനിയെന്തു വേണം!

ആൾക്ക് പേരൊക്കെ ഇടാൻ പോകുന്നതേയുള്ളൂ.ആദ്യം ഈ ഇനം നാഗരാജുവിന്റെ പേരിൽ റജിസ്റ്റർ ചെയ്യണം. പിന്നെ കകങ്ങളം കർഷകനുമായി ധാരണപത്രം ഒപ്പിട്ട് ഭാവികാര്യങ്ങളും ലാഭവീതം വയ്പ്പുമൊക്കെ തീരുമാനം ആകണം.

എന്തായാലും സിദ്ദുവിനും ശങ്കരയ്ക്കുമൊപ്പം ഒരുപക്ഷേ നാഗരാജു വും വരുന്ന നാളുകളിൽ തെക്കേ ഇന്ത്യൻ പഴത്തോട്ടങ്ങളിലെ നിറ സാന്നിധ്യമാകും എന്നുതന്നെ കരുതാം.

# ഡൽഹിയിലെ സ്വാതന്ത്ര്യദിനാഘോഷത്തിൽ ഇടുക്കിയിലെ കർഷകന് ക്ഷണം

**തൊടുപുഴ:** നൂതന കൃഷിരീതിയിലൂടെ പച്ചക്കറികൃഷിയിൽ മികച്ച നേട്ടം കൈവരിച്ച യുവകർഷകന് രാജ്യതലസ്ഥാനത്ത് നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിലേക്ക് ക്ഷണം ലഭിച്ചു. കേരളത്തിൽനിന്ന് പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിച്ച രണ്ടു കർഷകരിലൊരാളാണ് തൊടുപുഴ ഇടവെട്ടി കളന്പുകാട്ട് ജോസ് കെ. ജോസഫ്. തിരുവനന്തപുരത്തെ അഗ്രിക്കൾച്ചറൽ അഡീഷണൽ ഡയറക്ടറാണ് ഇതുസംബന്ധിച്ച അറിയിപ്പ് ജോസിനു നൽകിയത്. പിഎം കിസാൻ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റുന്ന കർഷകരെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്.



എല്ലായിനം വിളകളും വർഷങ്ങളായി കൃഷി ചെയ്തുവരുന്നയാളാണ് ജോസ്. കംപ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമ നേടിയ ശേഷമാണ് കൃഷിയിലേക്ക് തിരിഞ്ഞത്. കഴിഞ്ഞ വർഷമാണ് ഇടവെട്ടി കൃഷിഭവൻ വഴി കേന്ദ്രസർക്കാരിൻറെ രാഷ്ട്രീയ കൃഷി വികാസ് യോജനയ്ക്കു കീഴിലെ കൃത്യത കൃഷിരീതിയെക്കുറിച്ച് അറിയുന്നത്. കേന്ദ്രത്തിൻറെ 40 ശതമാനം സബ്സിഡിയോടെ ഇടവെട്ടിയിൽ ഇദ്ദേഹം ഉൾപ്പെടെ മൂന്നു കർഷകർ കൃത്യത കൃഷിരീതി ആരംഭിച്ചു. പുതിയ രീതിയിൽ പരന്പരാഗത രീതിയേക്കാൾ ഇരട്ടി വിളവ് ലഭിച്ചതായും അടുത്ത കൃഷി ഇറക്കാനുള്ള ഒരുക്കത്തിലാണെന്നും അദ്ദേഹം പറഞ്ഞു.

ഒരേക്കർ സ്ഥലത്ത് റബറിന് ഇടവിളയായാണ് പച്ചക്കറി കൃഷി ചെയ്തത്. നിലമൊരുക്കി കൂനകൂട്ടിയ ശേഷം പ്ലാസ്റ്റിക് കവറിട്ട് ആദ്യം മൂടും. ഇതിൽ കുഴികളെടുത്ത് തൈ നട്ടശേഷം ഡ്രിപ് ഇറിഗേഷനും നൽകും.

വള്ളിപ്പയർ, കുക്കുന്പർ, കണി വെള്ളരി, വെണ്ട, തണ്ണിമത്തൻ എന്നിവയാണ് ആദ്യഘട്ടത്തിൽ കൃഷി ചെയ്തത്. ഇതേ സ്ഥലത്തുതന്നെ വാഴയും കൃഷി ചെയ്തു.

ആവശ്യമുള്ള സമയത്ത്, കൃത്യമായ അളവിൽ വെള്ളവും വളവുമടക്കം എല്ലാ ചെടികളുടെയും ചുവട്ടിൽ കൃത്യത കൃഷി വഴി എത്തിക്കാനാകും. വെള്ളവും വളവും പാഴാകില്ലെന്നതും അളവ് കുറച്ച് മതിയെന്നതും കർഷകൻറെ ഉത്പാദനച്ചെലവ് കുറയ്ക്കും.

വെള്ളവും വളവും നൽകാൻ ചുരുങ്ങിയ സമയം മാത്രം മതിയെന്നും അദ്ദേഹം പറഞ്ഞു.

മൂന്നു കൃഷി വരെ ഈ സ്ഥലത്ത് ചെയ്യാനാകുമെന്നതും പരിപാലനച്ചെലവ് കുറവാണെന്നതുമാണ് പ്രത്യേകത. ആദ്യ വിളവെടുപ്പ് മഴക്കാലം തുടങ്ങുന്ന സമയത്ത് അവസാനിച്ചിരുന്നു. ഇതിൽ ഏറ്റവും ശ്രദ്ധ നേടിയത് തണ്ണിമത്തനാണെന്നും അദ്ദേഹം പറഞ്ഞു.

ഇതു കൂടാതെ വീടിനോടു ചേർന്നുള്ള രണ്ടേക്കറോളം പുരയിടത്തിൽ ഇഞ്ചി, മഞ്ഞൾ, മരച്ചീനി, ജാതി, കമുക്, തെങ്ങ് തുടങ്ങിയ കൃഷികളും മത്സ്യകൃഷി, പശുവളർത്തൽ, കോഴിവളർത്തൽ എന്നിവയും വർഷങ്ങളായി ചെയ്തുവരുന്നുണ്ട്.

സഹായത്തിനായി ഒരു ഇതര സംസ്ഥാന തൊഴിലാളിയേയും നിയോഗിച്ചിട്ടുണ്ട്.

ഡിഎഫ്സി ആലക്കോട് യൂണിറ്റ് പ്രസിഡൻറായ പിതാവ് കെ.ജെ. ജോസഫും (ജോയി), അമ്മ ക്ലാരമ്മയും ഭാര്യ സൗമ്യയും മക്കളായ ജോമറ്റ്, ജോബിറ്റ്, ജനിറ്റ എന്നിവരും പിന്തുണയുമായി ഒപ്പമുണ്ട്.

ഇടവെട്ടി കൃഷി ഓഫീസർ ബിൻസി കെ. വർക്കിയാണ് മാർഗനിർദേശങ്ങൾ നൽകിയത്.

ജില്ലയിൽ മൂന്നാർ, വട്ടവട മേഖലയിലാണ് കൃത്യത കൃഷി നിലവിലുള്ളതെന്നും ആദ്യമായാണ് തൊടുപുഴ മേഖലയിൽ ഇത്തരമൊരു പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയതെന്നും കൃഷി ഓഫീസർ പറഞ്ഞു.

# കലാകാരന്മാർക്കുള്ള പിന്തുണ സർക്കാരിന്റെ നയം: മന്ത്രി ആർ ബിന്ദു

**തൃശൂർ:** നിത്യജീവിതത്തിന്റെ പ്രശ്നങ്ങളെ കുറിച്ച് വേവലാതിയില്ലാതെ സംവദിക്കാൻ കലാകാരന്മാർക്ക് പിന്തുണ നൽകുക എന്നത് സർക്കാർ ഏറ്റവും പ്രാധാന്യത്തോടെയും മുൻഗണനയോടെയും കൂടിയാണ് കാണുന്നതെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ ബിന്ദു ഡോ. ആർ ബിന്ദു. കേരള സംഗീത നാടക അക്കാദമിയുടെ പുരസ്കാര സമർപ്പണം 2022 ന്റെയും അക്കാദമിയുടെ പ്രസിദ്ധീകരണ വിഭാഗം ആസ്ഥാന മന്ദിരത്തിന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.



കല അവതരിപ്പിക്കുന്നവർക്കും ആസ്വദിക്കുന്നവർക്കും ഒരുപോലെ ആനന്ദമാണ്. നമ്മുടേത് മത്സരാധിഷ്ഠിതമായ ലോകമാണ്. കലയുടെ വഴിയിൽ ഒരുപാട് കല്ലും മുള്ളും ചവിട്ടിയാണ് കലാകാരന്മാർ ഇവിടെ എത്തിയിട്ടുള്ളതെന്നും എല്ലാം ത്യജിച്ച് ആ വഴിയിലൂടെ മുന്നോട്ടു പോകുന്ന കലാകാരന്മാർക്ക് വേണ്ടുന്ന സാമ്പത്തികവും സാമൂഹികവുമായ പിന്തുണ നൽകേണ്ടത് സർക്കാരിന്റെയും സമൂഹത്തിന്റെയും ഉത്തരവാദിത്തങ്ങളിൽ ഒന്നാണെന്നും മന്ത്രി പറഞ്ഞു.

എല്ലാ കാലത്തേക്കുമായി കലാകാരന്മാരുടെ ജീവിതം, കലാ ആവിഷ്കാരം തുടങ്ങിയവ വരും തലമുറയ്ക്ക് പകർന്ന് നൽകാവുന്ന രീതിയിൽ ഡോക്യുമെന്റേഷൻ നടത്താൻ കഴിയണമെന്നും നാളത്തേക്ക് കലാ ആവിഷ്കാരങ്ങൾ കൈമാറ്റം ചെയ്യേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. ഇഴ അടുപ്പമുള്ള ബന്ധങ്ങളെ കൂട്ടിയുറപ്പിക്കാൻ കഴിയുന്ന ഒന്നാണ് കല എന്നും മന്ത്രി കൂട്ടിച്ചേർത്തു.

അക്കാദമി ക്യാമ്പസിനെ ഹരിത ദീപ്തമാക്കുന്നതിന് പുതുതായി വിഭാവനം ചെയ്ത പ്ലാവ് ഉദ്യാനവും മന്ത്രി ബിന്ദു ഉദ്ഘാടനം ചെയ്തു. 12 ഇനം പ്രാവുകൾ ആണ് ഉദ്യാനത്തിൽ നട്ടുപിടിപ്പിക്കുന്നത്.

ചടങ്ങിൽ 2022ലെ ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരം എന്നിവ മന്ത്രി വിതരണം ചെയ്തു . ഗോപിനാഥ് കോഴിക്കോട് (നാടകം), വിദ്യാധരൻ മാസ്റ്റർ (സംഗീതം ), കലാമണ്ഡലം പാഞ്ഞാൾ ഉണ്ണികൃഷ്ണൻ (ചെണ്ട) എന്നിവർക്ക് അക്കാദമിയുടെ പരമോന്നത പുരസ്കാരമായ ഫെലോഷിപ്പ് മന്ത്രി ബിന്ദു കൈമാറി.

വത്സൻ നിസരി (നാടകം), ബാബു അന്നൂർ (നാടകം), സുരേഷ് ബാബു ശ്രീസ്ഥ (നാടക രചന), ലെനിൻ ഇടക്കൊച്ചി (നാടകം), രജിത മധു (നാടകം), കോട്ടയ്ക്കൽ മുരളി (നാടകം), കലാമണ്ഡലം ഷീബാ കൃഷ്ണകുമാർ (മോഹിനിയാട്ടം), ബിജുല ബാലകൃഷ്ണൻ (കൂച്ചിപ്പുഡി ), പാലക്കാട് ശ്രീറാം (ശാസ്ത്രീയ സംഗീതം), തിരുവിഴ വിജു എസ് ആനന്ദ് (വയലിൻ), ആലപ്പുഴ എസ് വിജയകുമാർ (തവിൽ), പ്രകാശ് ഉള്ളിയേരി (ഹാർമോണിയം ), വിജയൻ കോവൂർ (ലളിത സംഗീതം), എൻ ലതിക (ലളിത സംഗീതം), കലാമണ്ഡലം രാധാമണി (തുള്ളൽ ), കലാമണ്ഡലം രാജീവ് (മിഴാവ്), എസ് നോവൽരാജ് (കഥാപ്രസംഗം) എന്നിവർക്ക് അക്കാദമി അവാർഡ് മന്ത്രി നൽകി.

മേപ്പയൂർ ബാലൻ (സംഗീതം, കഥാപ്രസംഗം, അഭിനയം), ആലപ്പി ആനന്ദൻ (ഉപകരണസംഗീതം), തൃക്കാക്കര വൈ എൻ ശാന്താറാം (ഗഞ്ചിറ), കെ. വിജയകുമാർ (കാരയ്ക്കാ മണ്ഡപം) (തബല), വൈക്കം ആർ ഗോപാലകൃഷ്ണൻ (ഘടം), ശിവദാസ് ചേമഞ്ചേരി (ഉപകരണ സംഗീതം), മാതംഗി സത്യമൂർത്തി (സംഗീതം), പൂച്ചാക്കൽ ഷാഹുൽ ( നാടകഗാനരചന), വെൺകുളം ജയകുമാർ ( നാടകം), തൃശൂർ വിശ്വം (നാടകം), ബാബു കിളിരൂർ (നാടകം), ടി പി ഭാസ്കര പൊതുവാൾ ( നാടകം), കുളത്തൂർ ലാൽ (നാടകം), കുഞ്ഞിക്കണ്ണൻ ചെറുവത്തൂർ (നാടകം), കലാമണ്ഡലം കല്ലുവഴി വാസു ( കഥകളി വേഷം), കലാനിലയം കുഞ്ചുണ്ണി (കഥകളി ചെണ്ട), പൊൻകുന്നം സെയ്ദ് ( നാടക രചന) , അരിവാൾ ജോൺ (നാടകം), ആർട്ടിസ്റ്റ് രാംദാസ് വടകര (നാടകം), കവടിയാർ സുരേഷ് (നൃത്തനാടകം), തണ്ണീർമുക്കം സദാശിവൻ (കഥാപ്രസംഗം) എന്നിവർക്ക് ഗുരുപൂജ പുരസ്കാര അവാർഡും മന്ത്രി നൽകി.

## ഹോമിയോപ്പതി വകുപ്പിൽ ഗവേഷണം ശക്തമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ഹോമിയോപ്പതി വകുപ്പിൽ ഗവേഷണം ശക്തമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഈ ഉത്തരവാദിത്തം ഹോമിയോപ്പതി വകുപ്പ് ഏറ്റെടുക്കണം. ഹോമിയോപ്പതി പ്രതിരോധ മരുന്നുകളുടെ ഫലസിദ്ധിയെക്കുറിച്ച് ഗവേഷണം നടത്തുന്നതിന്റെ ഭാഗമായി ഹോമിയോപ്പതി എവിഡൻസ് ബേസ്ഡ് അഡ്വാൻസ്ഡ് റിസർച്ച് ആൻഡ് ട്രെയിനിങ് പദ്ധതി നടപ്പിലാക്കി വരുന്നു. ഗവേഷണ പഠനവുമായി ബന്ധപ്പെട്ട് ഹോമിയോപ്പതി വകുപ്പ് ആദ്യമായി ഹോമിയോപ്പതിയിലെ സെൻട്രൽ കൗൺസിൽ ഓഫ് റിസർച്ചുമായി കരാറിൽ ഒപ്പിട്ടതായും മന്ത്രി വ്യക്തമാക്കി. ആയുഷ് ഹോമിയോപ്പതി വകുപ്പ് 50 ാം വാർഷികാഘോഷം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സുവർണ ജൂബിലിയോടനുബന്ധിച്ച് സംസ്ഥാന ഹോമിയോപ്പതി വകുപ്പ് ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഷീ ക്യാമ്പയിൻ ഫോർ വിമൻ, ഹോമിയോപ്പതി നാഷണൽ എക്സ്പോ, അന്താരാഷ്ട്ര സെമിനാർ എന്നിവ സംഘടിപ്പിക്കുന്നു.

സ്ത്രീകളുടെ ആരോഗ്യ സംരക്ഷണവും ഏകാരോഗ്യ സങ്കല്പത്തിൽ അധിഷ്ഠിതമായ ബോധവത്കരണവും ലക്ഷ്യമാക്കി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആവശ്യമായ ആളുകൾക്ക് ചികിത്സയും, തുടർ ചികിത്സയും ഉറപ്പാക്കുകയും, ആരോഗ്യ നിർദേശങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഷീ ക്യാമ്പയിൻ ഫോർ വിമൻ കൊണ്ട് ലക്ഷ്യമിടുന്നത്.

1958ൽ തിരുവനന്തപുരത്ത് കിഴക്കേകോട്ടയിലാണ് കേരളത്തിലെ ആദ്യ സർക്കാർ ഹോമിയോപ്പതി ചികിത്സാ കേന്ദ്രത്തിന് ആരംഭം കുറിച്ചത്. 1973 ലാണ് ഹോമിയോപ്പതി വകുപ്പ് സംസ്ഥാനത്ത് ആദ്യമായി ഒരു സ്വതന്ത്ര വകുപ്പായി രൂപം കൊണ്ടത്. ഹോമിയോപ്പതി വകുപ്പിന്റെ രൂപീകരണ സമയത്ത് 4 ഹോമിയോ ആശുപത്രികളും 64 ഡിസ്പെൻസറികളുമാണ് ഉണ്ടായിരുന്നത്. ഇന്ന് ഹോമിയോപ്പതി വകുപ്പ് 50ന്റെ നിറവിൽ നിൽക്കുമ്പോൾ 34 ഹോമിയോ ആശുപത്രികളും 669 ഡിസ്പെൻസറികളും 14 ജില്ലാ മെഡിക്കൽ ഓഫീസുകളും ഈ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു.

3198 തസ്തികകൾ ഈ വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ നാഷണൽ ആയുഷ് മിഷൻ, നാഷണൽ ഹെൽത്ത് മിഷൻ മുഖേനയും ഹോമിയോ ഡിസ്പെൻസറികളും, ഹോമിയോപ്പതി വകുപ്പിൽ അധിക മാനവശേഷിയും, നിരവധി പദ്ധതികളും നടത്തി വരുന്നു.

# മലയാറ്റൂർ നീലീശ്വരത്ത് ആഫ്രിക്കൻ പന്നിപ്പനി; പ്രതിരോധ നടപടികൾ ശക്തമാക്കി



**കൊച്ചി:** മലയാറ്റൂർ നീലീശ്വരം പഞ്ചായത്തിൽ ആഫ്രിക്കൻ പന്നിപ്പനി വൈറസ് സാന്നിധ്യം സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രതിരോധ നടപടികൾ ശക്തമാക്കി ജില്ലാ കളക്ടർ. രോഗം സ്ഥിരീകരിച്ച പന്നിഫാമിന് ചുറ്റുമുള്ള ഒരു കിലോമീറ്റർ പ്രദേശം രോഗബാധിത പ്രദേശമായും 10 കിലോമീറ്റർ ചുറ്റളവ് പ്രദേശം രോഗ നിരീക്ഷണ മേഖലയായും പ്രഖ്യാപിച്ച് ജില്ലാ കളക്ടർ ഉത്തരവിറക്കി. രോഗബാധിത പ്രദേശങ്ങളിൽ നിന്ന് പന്നി മാംസം വിതരണം ചെയ്യുന്നതും, വിതരണം ചെയ്യുന്ന കടകളുടെ പ്രവർത്തനവും, പന്നികൾ, പന്നിമാംസം, തീറ്റ എന്നിവ ജില്ലയിലെ രോഗബാധിത പ്രദേശങ്ങളിൽ നിന്ന് കൊണ്ടുപോകുന്നതും, മറ്റു പ്രദേശങ്ങളിൽ നിന്ന് രോഗബാധിത മേഖലയിലേക്ക് കൊണ്ടുവരുന്നതും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിർത്തിവെക്കണം.രോഗം സ്ഥിരീകരിച്ച ഫാമിലെയും ഒരു കിലോമീറ്റർ ചുറ്റളവിലുള്ള ഫാമുകളിലെയും എല്ലാ പന്നികളെയും കേന്ദ്ര സർക്കാറിന്റെ പ്ലാൻ ഓഫ് ആക്ഷൻ പ്രകാരമുള്ള എല്ലാവിധ പ്രോട്ടോക്കോളുകളും പാലിച്ച് ഉടൻ പ്രാബല്യത്തിൽ ഉന്മൂലനം ചെയ്യണമെന്നും ജഡം മാനദണ്ഡപ്രകാരം സംസ്കരിച്ച് ആ വിവരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിക്കണമെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു. മലയാറ്റൂർ നീലീശ്വരം പഞ്ചായത്തിലെ രോഗം സ്ഥിരീകരിച്ചിട്ടുള്ള പന്നി ഫാമിൽ നിന്നും മറ്റു പന്നി ഫാമുകളിലേക്ക് കഴിഞ്ഞ രണ്ട് മാസത്തിനിടയിൽ പന്നികളെ കൊണ്ടുപോയിട്ടുണ്ടോ എന്ന് അന്വേഷിച്ച് ഉടൻ റിപ്പോർട്ട് ചെയ്യണം.മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പന്നിമാംസവും പന്നികളെയും അനധികൃതമായി കേരളത്തിലേക്ക് കടത്തുന്നതിനുള്ള സാഹചര്യം ഉള്ളതിനാൽ ചെക്ക് പോസ്റ്റുകളിലും ജില്ലയിലേക്കുള്ള മറ്റു പ്രവേശനം മാർഗങ്ങളിലും പോലീസ്, ആർടിഒ എന്നിവയുമായി ചേർന്ന് മൃഗസംരക്ഷണ വകുപ്പ് കർശന പരിശോധന നടത്തണം. ഡീഡീസ് ഫ്രീ സോണിൽ നിന്നുള്ള പന്നികളെ മാത്രമേ ജില്ലയിലേക്ക് പ്രവേശിപ്പിക്കുന്നുള്ളൂ എന്ന് ടീം ഉറപ്പു വരുത്തേണ്ടതാണ്.രോഗം സ്ഥിരീകരിച്ച പഞ്ചായത്ത് പരിധിയിൽ പോലീസ്, മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ, വില്ലേജ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തിയുള്ള റാപ്പിഡ് റെസ്പോൺസ് ടീം ഉടൻ രൂപവത്കരിച്ച് പ്രവർത്തനം ആരംഭിക്കണം. ഇതിനുള്ള പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കാൻ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്കും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും നിർദേശം നൽകി.ജില്ലയിൽ മറ്റു ഭാഗങ്ങളിൽ പന്നിപ്പനി വൈറസ് കണ്ടെത്തുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട മുൻസിപ്പാലിറ്റി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ, വില്ലേജ് ഓഫീസർമാർ, റൂറൽ ഡയറി ഡെവലപ്മെന്റ് ഉദ്യോഗസ്ഥർ എന്നിവർ ബന്ധപ്പെട്ട മൃഗസംരക്ഷണ ഓഫീസറെ അറിയിക്കണം. വൈറസ് വ്യാപനം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ മൃഗസംരക്ഷണ ഓഫീസർ സ്വീകരിക്കണം. മൃഗസംരക്ഷണ ഓഫീസർക്ക് ആവശ്യമായ എല്ലാ സഹകരണങ്ങളും ഉടനടി ലഭ്യമാക്കാൻ മേൽ വകുപ്പുകളും ശ്രദ്ധിക്കണമെന്നും കളക്ടർ നിർദ്ദേശം നൽകി.

## കാലടി സമാന്തര പാലം നിർമ്മാണം:

# സ്ഥലം വിട്ടുനൽകുന്നവർക്ക് നഷ്ടപരിഹാരം നൽകും



**കൊച്ചി:** കാലടി സമാന്തര പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടുനൽകുന്നവർക്ക് ന്യായമായ നഷ്ടപരിഹാരം നൽകുമെന്ന് ജില്ലാ കളക്ടർ എൻ. എസ്. കെ. ഉമേഷ് പറഞ്ഞു. പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥലം ഏറ്റെടുക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന എം.എൽ.എ മാരായ എൽദോസ് കുന്നപ്പിള്ളിൽ, റോജി എം. ജോൺ എന്നിവരുടെ നേതൃത്വത്തിലാണ് യോഗം ചേർന്നത്.പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ സെപ്റ്റംബർ 30 നകം പൂർത്തിയാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. കാലതാമസം ഒഴിവാക്കി നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് സർക്കാർ നിർദ്ദേശം.2013 ലെ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരമാണ് നടപടികൾ പൂർത്തീകരിക്കുന്നത്. ഭൂമി വിട്ടുനൽകുന്നവർ ഉന്നയിച്ച ആശങ്കകൾക്ക് എം. എൽ. എ മാർ യോഗത്തിൽ മറുപടി നൽകി. ഓരോ വ്യക്തിക്കും നഷ്ട്ടമാകുന്ന സ്ഥലം നിശ്ചയിച്ച് ന്യായമായവില ലഭ്യമാക്കും.എല്ലാ ഭൂവുടമകളെയും ഉൾപ്പെടുത്തി അവരുടെ ആശങ്കകൾ പരിഹരിക്കാൻ പബ്ലിക് ഹിയറിങ്ങ് നടത്താനും യോഗത്തിൽ തീരുമാനിച്ചു. കളക്ടറുടെ ചേംബറിൽ ചേർന്നയോഗത്തിൽ ഡെപ്യൂട്ടി കളക്ടർ പി. സിന്ധു, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഗവ.ഗേൾസ് ഹയർ സെക്കന്ററി പ്രവേശനോത്സവം

**കൊച്ചി:** എറണാകുളം ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ് വൺ ക്ലാസ്സുകൾക്ക് വർണാഭമായ തുടക്കം. ആദ്യ മൂന്ന് അലോട്ടു മെന്റുകളിൽ നിന്ന്ഏഴ് ബാച്ചുകളിലേക്ക് പ്രവേശനം നേടിയ 357 കുട്ടികൾ ക്ലാസ്സുകളിലെത്തി. പൂക്കളും മധുരവും നൽകി കുട്ടികളെ സ്വീകരിച്ചു. രക്ഷാകർത്താക്കളും പരിപാടികളിൽ പങ്കെടുത്തു.പ്രവേശനോത്സവച്ചടങ്ങുകൾ 'എറുഡിയോ 2023 ' കൊച്ചിൻ കോർപ്പറേഷൻ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.ആർ.റെനിഷ് ഉദ്ഘാടനം ചെയ്തു. സിറ്റി പോലീസ് കമ്മീഷണർ കെ. സേതുരാമൻ ഐ.പി.എസ് മുഖ്യാതിഥിയായി. പി.ടി.എ.പ്രസിഡന്റ് സുമി ജോയ് ഓലിയപ്പുറം, പ്രിൻസിപ്പാൾ കെ. മിനിറാം ,ലതിക പണിക്കർ, ജോഷി വർഗീസ്, ആന്റണി ജോസഫ് , ബാബുമോൻ ഇടംപാടം, ഡോറൽ നേസം എന്നിവർ പ്രസംഗിച്ചു.




എറണാകുളം ഗവ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പ്ലസ് വൺ പ്രവേശനോത്സവം കൊച്ചി കോർപ്പറേഷൻ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.ആർ. റെനിഷ് നിർവഹിക്കുന്നു.സിറ്റി പോലീസ് കമ്മീഷണർ കെ. സേതുരാമൻ,പ്രിൻസിപ്പാൾ കെ.മിനി റാം, എന്നിവർ സമീപം

# ലൂർദ് കോളേജ് ഓഫ് നഴ്സിംഗിൽ ബിരുദദാനം നടത്തി



**കൊച്ചി:**ലൂർദ് കോളേജ് ഓഫ് നഴ്സിംഗ് സിദ്ധിസദനിൽ ബിരുദദാനം നിർവഹിച്ചു. ലൂർദ് നഴ്സിംഗിന്റെ എം എസ് സി, ബി.എസ്സി , പിബി ബിഎസ്സി, ജിഎൻഎം തുടങ്ങി വിവിധ കോഴ്സുകളിലെ ബിരുദദാനവും 55മത് അധ്യയന വർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനവും ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ നടത്തി. എറണാകുളം സിദ്ധി സദനിൽ നടന്ന പരിപാടിയിൽ വിവിധ കോഴ്സുകളിൽ പഠനം പൂർത്തിയാക്കിയവരുടെ ബിരുദദാന ചടങ്ങും ബിഎസ്സി, ജിഎൻഎം ബാച്ചുകളുടെ ലാമ്പ് ലൈറ്റിംഗ് ചടങ്ങും നടന്നു. എം എസ് സി, ബി.എസ്സി , പിബി ബിഎസ്സി, ജിഎൻഎം തുടങ്ങി വിവിധ കോഴ്സുകളിലായി 118 വിദ്യാർത്ഥകളാണ് ബിരുദം നേടിയത്. ബി. എസ്സി 21ാം ബാച്ചിൽ വിഭാഗത്തിൽ 90 വിദ്യാർത്ഥികളും ജിഎൻഎം 55ാം ബാച്ച് 50 വിദ്യാർത്ഥികളുമാണ് ദീപം തെളിയിച്ചുകൊ് പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിച്ചത്.ലൂർദ് ഇൻസ്റ്റിട്യൂഷൻസ് ഡയറക്ടർ ഫാ. ജോർജ് സെക്വീര അധ്യക്ഷത വഹിച്ച പരുപാടിയിൽ കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ. ലില്ലി ജോസഫ്, ലൂർദ് ആശുപത്രി അസിസ്റ്റൻറ് ഡയറക്ടർ ഫാ . സോണി കളത്തിൽ, ലൂർദ് ആശുപത്രി ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ട് ഡോ . അനുഷ വർഗീസ് , വൈസ് പ്രിൻസിപ്പൽ പ്രൊഫ. ജോസി എ മാത്യു എന്നിവർ സംസാരിച്ചു.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:**ജില്ലയിലെ സർക്കാർ ഹോമിയോ ആശുപതികളിൽ നേഴ്സ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. 18 നും 41 നും ഇടയിൽ പ്രായമുള്ള ജി. എൻ. എം., ബി. എസ്. സി. നേഴ്സിംഗ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവ സഹിതം ജൂലൈ 14 രാവിലെ 10ന് ജില്ലാ മെഡിക്കൽ ഓഫീസിൽ ഹാജരാകണം.

# മണാലിയിൽ അകപ്പെട്ട ഹൗസ് സർജന്മാർ സുരക്ഷിതരെന്ന് ജില്ലാ കളക്ടർ

**കൊച്ചി:** മിന്നൽ പ്രളയത്തെ തുടർന്ന് മണാലിയിൽ അകപ്പെട്ട എറണാകുളം ഗവ. മെഡിക്കൽ കോളേജിൽ നിന്നുള്ള ഹൗസ് സർജന്മാരുടെ സംഘം സുരക്ഷിതരാണെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് അറിയിച്ചു. ഡോക്ർമാർ നൽകിയ ലൊക്കേഷൻ മണാലി ജില്ലാ കളക്ടറുമായി പങ്കു വച്ചിരുന്നു. നിലവിൽ ഏറ്റവും സുരക്ഷിതമായ സ്ഥലത്താണ് ഇവരുള്ളതെന്ന് മണാലി കളക്ടർ അറിയിച്ചു. ഹദിംബ ക്ഷേത്രത്തിന് സമീപം നസോഗി വുഡ്സ്, എച്ച്പിഡബ്ല്യുഡി ഗസ്റ്റ് ഹൗസ് എന്നിവിടങ്ങളിലാണ് ഡോക്ടർമാർ കഴിയുന്നത്.

# റസിഡന്റ് ട്യൂട്ടർ നിയമനം: അഭിമുഖം 21ന്

**കൊച്ചി:** മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന് കീഴിൽ മാതിരപ്പിള്ളി, നേര്യമംഗലം എന്നീ സ്ഥാപനങ്ങളിലെ പെൺകുട്ടികൾക്കും പിണവൂർകുടിയിൽ ആൺകുട്ടികൾക്കായും പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് റസിഡന്റ് ട്യൂട്ടർമാരെ നിയമിക്കുന്നു. ബി. എഡ് പൂർത്തിയായവർക്ക് അപേക്ഷിക്കാം. പ്രതിമാസ വേതനം 12,000 രൂപ. എസ്.സി, എസ് ടി വിഭാഗക്കാർക്കും ഈ മേഖലയിൽ പ്രവർത്തി പരിചയമുള്ളവർക്കും മുൻഗണന. താല്പര്യമുള്ളവർ മൂവാറ്റുപുഴ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസിൽ ഈ മാസം 21ന് രാവിലെ 11 ന് നടക്കുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കണം.

## വിക്ടർ ജോർജ്ജ് അനുസ്മരണം നടത്തി




**കൊച്ചി:** കാഴ്ചക്കാരോടു സംവദിക്കുന്ന, ജീവൻ തുടിക്കുന്ന ചിത്രങ്ങളായിരുന്നു വിക്ടർ ജോർജിന്റെ ക്യാമറയിൽ പിറന്നതെന്നു ചലച്ചിത്ര സംവിധായകൻ സിബി മലയിൽ പറഞ്ഞു. എറണാകുളം പ്രസ് ക്ലബ് നടത്തിയ വിക്ടർ ജോർജ് അനുസ്മരണവും കേരള പത്രപ്രവർത്തക ദിനാചരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.പ്രസ് ക്ലബ് പ്രസിഡന്റ് എം.ആർ.ഹരികുമാർ അധ്യക്ഷത വഹിച്ചു. മലയാള മനോരമ മലപ്പുറം യൂണിറ്റ് കോഓർഡിനേറ്റിങ് എ!ഡിറ്റർ ആന്റണി ജോൺ വിക്ടർ അനുസ്മരണ പ്രഭാഷണം നടത്തി. ഗ്രൂപ് മീരാൻ വൈസ് ചെയർമാൻ ഫിറോസ് മീരാൻ മുഖ്യാതിഥിയായി. കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സെക്രട്ടറി എം.ഷജിൽകുമാർ, പ്രസ് ക്ലബ് സെക്രട്ടറി എം.സൂഫി മുഹമ്മദ്, ട്രഷറർ മനു ഷെല്ലി എന്നിവർ പ്രസംഗിച്ചു.വിക്ടർ ജോർജ് അനുസ്മരണത്തോടനുബന്ധിച്ചു പത്രപ്രവർത്തക യൂണിയനംഗങ്ങളുടെ മക്കൾക്കായി എറണാകുളം പ്രസ് ക്ലബ് സംഘടിപ്പിച്ച മഴച്ചിത്ര ഫൊട്ടോഗ്രഫി മത്സര വിജയികൾക്കുള്ള സമ്മാനദാനം സിബി മലയിൽ നിർവഹിച്ചു. അനയ് ബൈജു, ഋതുവേദ് രഞ്ജിത്, തെരേസാ ഷാജൻ എന്നിവർ മത്സരത്തിൽ ആദ്യ മൂന്നു സ്ഥാനങ്ങളിലെത്തി.

## ജീവനക്കാർക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചു

**കൊച്ചി/ കോഴിക്കോട്:** പ്രമുഖ ആഭരണ വിൽപനക്കാരായ മലബാർ ഗോൾഡ് ആന്റ് ഡയമ്സിലെ ജീവനക്കാർക്ക് ജെമോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അമേരിക്കയുടെ (ഏകഅ) ഇന്ത്യ ഘടകം പരിശീലന ക്ലാസ് സംഘടിപ്പിച്ചു. ഡയമ് ആഭരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന കളർ, ക്ലാരിറ്റി, കട്ട്, കാരറ്റ് വെയ്റ്റ് (4ഇ) എന്നിവയെക്കുറിച്ചാണ് പരിശീലന ക്ലാസ് സംഘടിപ്പിച്ചത്. മലബാർ ഗോൾഡ് ആൻഡ് ഡയമ്സിന്റെ കോഴിക്കോട്ടെ ഫ് ളാഗ്ഷിപ്പ് സ്റ്റോറിൽ നിന്നുള്ള ഇരുപതിലധികം റീട്ടെയിൽ ജീവനക്കാർ പരിശീലനത്തിൽ പങ്കെടുത്തു. ജിഐഎ ഇന്ത്യ നടത്തിയ കസ്റ്റമൈസ്ഡ് ട്രെയിനിംഗ് പ്രോഗ്രാം ജീവനക്കാർക്കിടയിൽ ഡയമ് ആഭരണളെപ്പറ്റിയും അതിന്റെ മൂല്യം, ഗുണമേന്മ എന്നിവയെപ്പറ്റിയും ആഴത്തിലുള്ള അറിവ്നേടാൻ പര്യാപ്തമാണെന്ന് മലബാർ ഗോൾഡ് ആൻഡ് ഡയമ്സിന്റെ ഗ്രൂപ്പ് ചീഫ് ഹ്യൂമൻ റിസോഴ്സ് ഓഫീസർ ജേക്കബ് പറഞ്ഞു. ഉപഭോക്താക്കളുമായുള്ള മികച്ച ബന്ധത്തിന് ജീവനക്കാരെ പ്രാപ്തമാക്കുകയാണ് ഇത്തരം പരിശീലനകളരിയിലൂടെ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. മലബാർ ഗോൾഡ് ആൻഡ് ഡയമ്സിന്റെ ജനറൽ മാനേജർ ബിജോയ് ജോൺ, ഡെപ്യൂട്ടി മാനേജർ ഷിജിൽ കെ, അസിസ്റ്റന്റ് സെയിൽസ് മാനേജർ മഞ്ജിത് ഹാഷിം എന്നിവർ പങ്കെടുത്തു. ഡയമ് ആഭരണങ്ങളുടെ ഗുണനിലവാര മാനദണ്ഡമായ ഇന്റർനാഷണൽ ഡയമ് ഗ്രേഡിംഗ് സിസ്റ്റം വികസിപ്പിച്ചെടുത്ത ജെമോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അമേരിക്ക, ലോകമെമ്പാടുമുള്ള ആഭരണ നിർമാതാക്കളെ പരിശീലിപ്പിക്കുന്ന സംഘടനയാണ്.

## എൻഎസ്ഡിഎൽ ഐപിഒയ്ക്ക്

**കൊച്ചി:** സെബിയിൽ രജിസ്റ്റർ ചെയ്ത മാർക്കറ്റ് ഇൻഫ്രാസ്ട്രക്ചർ ഇൻസ്റ്റിറ്റ്യൂഷനായ  നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡ് (എൻഎസ്ഡിഎൽ) പ്രാഥമിക  ഓഹരി വിൽപനയ്ക്ക് (ഐപിഒ)  ഒരുങ്ങുന്നു. ഇതിനായി ഡ്രാഫ്റ്റ് റെഡ് ഹെറിംഗ് പ്രോസ്പെക്ടസ് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) യിൽ സമർപ്പിച്ചു. ഇന്ത്യയിലെ ഫിനാൻഷ്യൽ, സെക്യൂരിറ്റീസ് മാർക്കറ്റുകളിലേക്ക് വൈവിധ്യമാർന്ന ഉത്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കുന്ന സ്ഥാപനമാണ് എൻഎസ്ഡിഎൽ.2 രൂപ വീതം മുഖവിലയുള്ള ഇക്വിറ്റി ഷെയറുകൾ ഐപിഒ വഴി ഇഷ്യൂ ചെയ്ത് ഫണ്ട് സ്വരൂപിക്കാനാണ് കമ്പനി പദ്ധതിയിടുന്നത്. 57,260,001 ഇക്വിറ്റി ഓഹരികളുടെ വിൽപ്പന ഉൾക്കൊള്ളുന്നതാണ് ഓഫറെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ആൻഡ് ക്യാപിറ്റൽ മാർക്കറ്റ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, ഐഡിബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ആൻഡ് സെക്യൂരിറ്റീസ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവയാണ് ഇഷ്യുവിന്റെ ബുക്ക് റണ്ണിംഗ് ലീഡ് മാനേജർമാർ.

# ആഗോള വിപുലീകരണത്തിനൊരുങ്ങി കാവ്ലി വയർലെസ്

**കൊച്ചി:** കൊച്ചി ഇൻഫോപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സെല്ലുലാർ ഐ.ഒ.ടി കമ്പനിയായ കാവ്ലി വയർലെസ് ആഗോള നിക്ഷേപകരിൽ നിന്ന് 10 മില്യൺ യു.എസ് ഡോളർ നേടി സീരിസ് എ ഫണ്ടിങ്ങ് റൗണ്ട് വിജയകരമായി പൂർത്തിയാക്കിയതായി കാവ്ലി വയർലെസ് സി.ഇ.ഒ ജോൺ മാത്യു പറഞ്ഞു. ചിരാട്ടെ വെഞ്ചേഴ്സും ക്വാൽകോം വെഞ്ചേഴ്സും ചേർന്നാണ് ഫണ്ടിങ്ങ് റൗണ്ടിന് നേതൃത്വം നൽകിയത്. കൂടാതെ യു.എസിലെ പ്രധാന ടെക്നോളജി കമ്പനികളും ഫണ്ടിങ്ങ് റൗണ്ടിന്റെ ഭാഗമായി. സ്മാർട്ട് പ്രൊഡക്ട് ഡെവലപ്പ്മെന്റിനായി ഉപഭോക്താക്കൾക്കും കാവ്ലി എൻജിനിയറിങ്ങ് ടീമും തമ്മിൽ സഹകരിക്കാൻ കസ്റ്റമർ എക്സ്പീരിയൻസ് സെന്റർ സ്ഥാപിക്കാനും പദ്ധതിയുണ്ട്. ഇതിനൊപ്പം കാവ്ലിയുടെ ബിസ്നസ്, സാങ്കേതിക മേഖലകളിലായി 200ലധികം അംഗങ്ങളെ കൂട്ടിച്ചേർക്കാനും അതുവഴി ഇന്ത്യയിലെ സാങ്കേതിക പ്രതിഭകളെ പരിപോഷിപ്പിക്കാനും ലക്ഷ്യമിട്ടാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഉപഭോക്താക്കളുടെ എൻജിനിയറിങ്ങ് ടീമും കാവ്ലിയുടെ ടീമുമായി സഹകരിച്ച് ഉൽപ്പന്ന നവീകരണവും വികസനപ്രവർത്തനങ്ങളും നടത്തുന്നതിനാൽ ഇത്തരം സജീവമായ നടപടികൾ രാജ്യത്തെ ഐ.ഒ.ടി സെമി കണ്ടക്ടർ മേഖലകളുടെ വളർച്ചയ്ക്കും മുതൽക്കൂട്ടാകുമെന്നും അദ്ദേഹം പറഞ്ഞു.ഇന്റഗ്രേറ്റഡ് ഇസിമ്മും ഗ്ലോബൽ കണക്റ്റിവിറ്റിയും ഉള്ള സെല്ലുലാർ മൊഡ്യൂളുകളുടെ രൂപകൽപ്പനയിലും ഉൽപ്പാദനത്തിലും വൈദഗ്ധ്യമുള്ള കാവ്ലി വയർലെസ് 4ജി, 5ജി സാങ്കേതിക വിദ്യകളിലെ മുൻനിര കമ്പനിയാണ്. നിലവിൽ നാല് ഭൂഗണ്ഡങ്ങളിലായി യു.എസ്, ഇന്ത്യ, സ്പെയിൻ, വിയറ്റ്നാം, യു.കെ, ഫ്രാൻസ്, ഇറ്റലി, തുർക്കി, ജർമനി തുടങ്ങിയ 30ലധികം രാജ്യങ്ങളിലെ ഐ.ഒ.ടി ക്രിയേറ്റേഴ്സിന് കാവ്ലി സേവനങ്ങൾ നൽകുന്നുണ്ട്. ഈ ഫണ്ടിങ്ങ് നേടിയതിലൂടെ കാവ്ലി വയർലെസ് വിപണി വികസിപ്പിക്കാനും ഉൽപ്പന്ന ശേഷി വർദ്ധിപ്പിക്കാനും പദ്ധതിയിടുന്നു. നിലവിൽ കൊച്ചി ഇൻഫോപാർക്കിൽ സ്ഥാപിച്ചിട്ടുള്ള കാവ്ലി വയർലെസ് ഗ്ലോബൽ ആർ ആൻഡ് ആൻഡ് എൻജിനിയറിങ്ങ് സെന്ററിലേക്കുള്ള നിയമനങ്ങൾ വേഗത്തിലാക്കാനും പദ്ധതിയുണ്ട്. യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ആഫ്രിക്കൻ രാജ്യങ്ങളിലും അമേരിക്കയിലും ഉടനീളം ബിസ്സ് വിപുലീകരിക്കാനും പദ്ധതിയുണ്ട്. കൂടാതെ പുതിയതും മെച്ചപ്പെടുത്തിയതുമായ ഓട്ടമേറ്റഡ് കാലിബ്രേഷനും ഹൈസ്പീഡ് ഫേംവെയർ ഫ്ളാഷിങ്ങ് ലൈനുകളും സ്ഥാപിക്കുന്നതിലൂടെ കാവ്ലിയുടെ ഇന്ത്യയിലെ നിർമാണ അടിത്തറ ശേഷി വർധിപ്പിക്കാനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.



തങ്ങളുടെ ഉൽപ്പന്ന പോർട്ട്ഫോളിയോ വിപുലീകരിച്ച്, ഗവേഷണവികസന കഴിവുകൾ വർധിപ്പിച്ച്,  അന്താരാഷ്ട്ര സാന്നിധ്യം വർദ്ധിപ്പിക്കുന്നതിലൂടെ ആഗോള ഐ.ഒ.ടി വിപണിയിൽ കമ്പനിയുടെ സ്ഥാനം ശക്തിപ്പെടുത്താൻ ഈ സീരീസ് എ സഹായിക്കുമെന്നും സി.ഇ.ഒ ജോൺ മാത്യു പറഞ്ഞു. പ്ലാറ്റ്ഫോം സൊല്യൂഷനിലൂടെ, കാവ്ലി ഹബിൾ തങ്ങളുടെ ഹാർഡ്വെയർ പോർട്ട്ഫോളിയോയുമായി കർശനമായി സംയോജിപ്പിച്ചിരിക്കുന്നു, സിലിക്കൺ ടു ക്ലൗഡ് ഏകീകരണം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ ഇപ്പോൾ യാഥാർത്ഥ്യമാണെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നവീകരണത്തിലും ഉപഭോക്തൃ സേവനത്തിലും ഉറച്ച പ്രതിബദ്ധതയാണ് കാവ്ലി വയർലെസ് പ്രകടിപ്പിച്ചതെന്നും മൊബിലിറ്റി ആൻഡ് ഐ.ഒ.ടി സ്പെയ്സിലും നേതൃനിരയിലേക്ക് കമ്പനി ഉയർന്നെന്നും കാവ്ലിയുടെ വീക്ഷണത്തെ പിന്തുണയ്ക്കുന്നതിൽ സന്തുഷ്ടരാണെന്നും സമാനതകളില്ലാത്ത ഐ.ഒ.ടി കണക്ടിവിറ്റി വൈദഗ്ധ്യത്തെ പിന്തുണയ്ക്കുകയാണെന്നും ചിരാട്ടെ വേഞ്ചേഴ്സിന്റെ സ്ഥാപകനും വൈസ് ചെയർമാനുമായ ടി.സി.എം സുന്ദരം പറഞ്ഞു.5ജിയുടെ വളർച്ചയും വ്യവസായങ്ങളിലുടനീളം ഐ.ഒ.ടി അടിസ്ഥാനായുള്ള ആപ്ലിക്കേഷനുകളുടെ ആവശ്യകത വർദ്ധിക്കുന്നതും ഐ.ഒ.ടി ഉൽപ്പന്നങ്ങളുടെ വികസനവും പ്രചാരണവും ആവശ്യമാക്കിയെന്ന് ക്വാൽകം ടെക്നോളജീസ് ഐ.എൻ.സി സീനിയർ വൈസ് പ്രഡിഡന്റും ക്വാൽകോം വെഞ്ചേഴ്സ് ആഗോള തലവനുമായ ക്വിൻ ലി പറഞ്ഞു. കാവ്ലി വയർലസിന്റെ ഇന്റലിജന്റ് സൊല്യൂഷൻ മോഡം ഹാർഡ്വെയർ, കണക്റ്റിവിറ്റി, ഡിവൈസ് മാനേജ്മെന്റ് എന്നിവ ഒരൊറ്റ പ്ലാറ്റ്ഫോമിലേക്ക് സംയോജിപ്പിച്ച് ബിസിനസുകളുടെ അവരുടെ ഐ.ഒ.ടി ഉൽപ്പന്നങ്ങളുടെ വിതരണത്തിന് സഹായിക്കുന്നു. കാവ്ലി വയർലസിൽ നിക്ഷേപിക്കുന്നതിൽ സന്തുഷ്ടരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പോഷക സുരക്ഷിതത്വം: ഭക്ഷണത്തിൽ മത്സ്യം ഉൾപ്പെടുത്തുന്നത് ഏറെ പ്രധാനം

**കൊച്ചി :**പോഷക സുരക്ഷിതത്വം ഏറെ ചർച്ച ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ ഭക്ഷണത്തിൽ മത്സ്യം ഉൾപ്പെടുത്തുന്നത് ഏറെ പ്രധാനമാണെന്ന് കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല (കുഫോസ്) വൈസ് ചാൻസലർ ഡോ.ടി.പ്രദീപ കുമാർ പറഞ്ഞു. ഇത് അടിവരയിടുന്ന ജപ്പാനീസ് പഴമൊഴിയാണ് മനുഷ്യൻറെ ഭക്ഷണം പകുതി മലയിൽ നിന്നും പകുതി കടലിൽ നിന്നും ആയിരക്കണം എന്നത്. കടലിൽ നിന്നുള്ള മത്സ്യലഭ്യതയിൽ വലിയ കുറവുള്ളതിനാൽ മത്സ്യകൃഷി മാത്രമാണ് സുസ്ഥിരമായ മത്സ്യലഭ്യതക്ക്  ആശ്രയമെന്നും ഡോ.പ്രദീപ് കുമാർ പറഞ്ഞു. കുഫോസിൽ ദേശിയ മത്സ്യ കർഷക ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഹാച്ചറി രംഗത്തെ കേരളത്തിലെ ഏക വനിതാ സംരംഭകയായ ബീന ജോഷി മുഖ്യാതിഥിയായിരുന്നു.  റിസ്കിന് ആപേക്ഷിതമായി ലാഭസാധ്യത കൂടുതലുള്ള രംഗമാണ് മത്സ്യകൃഷിയെന്ന് ബീന ജോഷി പറഞ്ഞു. റിസ്കിനെ വിജയകരമായി



തരണം ചെയ്യാൻ പഠിച്ചാൽ മത്സ്യകൃഷി ലാഭകരമായി നടത്താമെന്ന് ബീന ജോഷി പറഞ്ഞു.രജിസ്ട്രാർ ഡോ.ദിനേശ് കൈപ്പിള്ളി അധ്യക്ഷത വഹിച്ചു. ഗവേഷണ വിഭാഗം മേധാവി ഡോ.ദേവിക പിള്ള, വിജ്ഞാന വ്യാപന വിഭാഗം ഇൻചാർജ് ഡോ.എം.കെ.സജീവൻ, അക്വാകൾച്ചർ മേധാവി ഡോ.എ.അനുരാജ്, കുമ്പളം പഞ്ചായത്ത് പ്രസിഡൻറ് കെ.എസ്.രാധാകൃഷ്ണൻ, വാർഡ് മെമ്പർ കെ.പി.പ്രദീപ്, അസി.പ്രൊഫസർ ശാലുമോൾ സാലസ് എന്നിവർ പ്രസംഗിച്ചു.മത്സ്യ കർഷക ദിനാചരണത്തിൻറെ ഭാഗമായി മത്സ്യകൃഷി രംഗത്ത് വനിതകളടെ സാദ്ധ്യതകളെ പറ്റി ബോധവത്കരണ ക്ളാസ് നടത്തി.  കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ.പി.അമ്പരീഷ്, ഡോ.ആർ. വിദ്യ , കുഫോസിലെ ഡോ.ബിനു വർഗീസ്, ഡോ.കെ.ഷൈനി എന്നിവർ ക്സാസുകൾ നയിച്ചു. നൂറോളം വനിതാ സംരംഭകരും കർഷകരും ക്ളാസ്സിൽ പങ്കെടുത്തു.

# മജ്ജ മാറ്റിവെച്ച് തിരികെ ജീവിതത്തിലേക്ക് ; ഒത്തുചേരൽ സംഘടിപ്പിച്ച് കോഴിക്കോട് ആസ്റ്റർ മിംസ്




**കോഴിക്കോട്:** കോഴിക്കോട് ആസ്റ്റർ മിംസിൽ നിന്ന് വിജയകരമായ മജ്ജ മാറ്റി വെക്കൽ ചികിത്സയിലൂടെ സ്വസ്ഥമായ ജീവിതത്തിലേക്ക് മടങ്ങിയെത്തിയവരുടെ സംഗമം ഒരുക്കി. ചുരുങ്ങിയ കാലയളവിൽ ഏറ്റവും കൂടുതൽ ചികിത്സ നൽകി എന്ന പ്രത്യേകതയും ഉണ്ടായിരുന്നു. യുവ ഭിന്നശേഷി അവകാശ പ്രവർത്തകൻ ആസിം വെളിമണ്ണ ഉദ്ഘാടനം ചെയ്ത സംഗമത്തിൽ കേരള ബ്ലഡ് പേഷ്യന്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ ജന. സെക്രട്ടറി കരീം കാരശേരി വിശിഷ്ടാതിഥി ആയിരുന്നു. ആസിം വെളിമണ്ണ ഫൗണ്ടേഷനുമായി ചേർന്ന് നിർധന കുടുംബങ്ങളിലെ 100 കുഞ്ഞുങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് സൗജന്യ നിരക്കിലും കാൻസർ ചികിത്സ ലഭ്യമാക്കുന്നതിനുള്ള സെക്കന്റ് ലൈഫ് 2.0 പദ്ധതിയുടെ പ്രഖ്യാപനം നടത്തി. ചുരുങ്ങിയ കാലംകൊണ്ട് ഏറ്റവും കൂടുതൽ കുട്ടികൾക്ക് മജ്ജ മാറ്റി വെക്കൽ ചികിത്സ നൽകിയ ആശുപത്രി കൂടിയാണ് കോഴിക്കോട് ആസ്റ്റർ മിംസ്. മാത്രമല്ല ഇതിൽ തന്നെ മഹാഭൂരിപക്ഷം ട്രാൻസ്പ്ലാന്റും സൗജന്യമായോ കുറഞ്ഞ നിരക്കിലോ ആണ് നിർവ്വഹിച്ചത് എന്നത് അഭിമാനകരമാണ്. കുട്ടികളുടെ ഹെമറ്റോ ഓങ്കോളജി കൺസൾട്ടന്റ് ഡോ. എം.ആർ കേശവൻ, മുതിർന്നവരുടെ ഹെമറ്റോ ഓങ്കോളജി കൺസൾട്ടന്റ് ഡോ. വി. സുദീപ് എന്നിവർ അനുഭവങ്ങൾ പങ്കിട്ടു. ഡെപ്യൂട്ടി സി എം എസ് ഡോ നൗഫൽ ബഷീർ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ലുക്മാൻ പൊന്മാടത്ത്, ആസ്റ്റർ വളന്റിയേഴ്സ് മലബാർ ലീഡ് മുഹമ്മദ് ഹസീം, ഓപ്പറേഷൻസ് വിഭാഗം അസിസ്റ്റന്റ് ജനറൽ മാനേജർ പ്രവിത അഞ്ചാൻ തുടങ്ങിയവർ സംസാരിച്ചു. ചികിത്സക്ക് നേതൃത്വം നൽകിയിയ ഡോക്ടർമാർ, നഴ്സുമാർ മറ്റു ജീവനക്കാർ എന്നിവരെ ആദരിച്ചു.

# ഡോ. വി നാരായണൻ ഉണ്ണിക്ക് ദ്രോണാചാര്യ പുരസ്കാരം

**കൊച്ചി:** ആസ്റ്റർ മെഡ്സിറ്റിയിലെ നെഫ്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റായ ഡോ. വി. നാരായണൻ ഉണ്ണിക്ക് ദ്രോണാചാര്യ പുരസ്കാരം. മുംബൈയിൽ നടക്കുന്ന ഈ വർഷത്തെ നെഫ്രോളജി സെമി വീക്ക് സമ്മേളനത്തിലാണ് നെഫ്രോളജി മേഖലയിലെ ഉന്നത ബഹുമതിയായി അറിയപ്പെടുന്ന ദ്രോണാചാര്യ പുരസ്കാരത്തിന് അർഹനായത്.നാല് പതിറ്റാണ്ടിലേറെയായി വൃക്കരോഗ പരിചരണ മേഖലയിൽ നൽകി വരുന്ന സംഭാവനകളും നിസ്വാർത്ഥ സേവനവുമാണ് പുരസ്കാരത്തിന് വഴിയൊരുക്കിയത്. ഒരു ഡോക്ടർ എന്ന നിലയിൽ അടയാളപ്പെടുത്തേണ്ട നിരവധി പ്രവർത്തനങ്ങൾക്കായിരുന്നു ഇക്കാലളവിൽ അദ്ദേഹം നേതൃത്വം നൽകിയത്.അസോസിയേഷൻ ഓഫ് വാസ്കുലർ ആക്സസ് ആന്റ് ഇന്റർവെൻഷണൽ റീനൽ ഫിസിഷ്യൻസ്, ഇന്റർനാഷണൽ സൊസൈറ്റി ഓഫ് ഹീമോഡയാലിസിസ്, ഇന്ത്യൻ സൊസൈറ്റി ഓഫ് ഹീമോഡയാലിസിസ്, മുംബൈ നെഫ്രോളജി ഗ്രൂപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ഈ വർഷത്തെ നെഫ്രോളജി സെമി വീക്ക് സമ്മേളനം സംഘടിപ്പിക്കുന്നത്.നെഫ്രോളജിസ്റ്റുകൾ, ഇന്റർവെൻഷണൽ റീനൽ ഫിസിഷ്യൻമാർ, വാസ്കുലർ സർജൻമാർ, യൂറോളജിസ്റ്റുകൾ, നഴ്സുമാർ, ഡയാലിസിസ് ടെക്നീഷ്യൻമാർ, കാത്ത് ലാബ് ടെക്നീഷ്യൻമാർ എന്നിവരുൾപ്പെടെ ഈ മേഖലയിൽ രാജ്യത്തെ പ്രമുഖരായ ആരോഗ്യ പ്രവർത്തകരുടെ ഒത്തുചേരലിന് കൂടിയാണ് ഈ വർഷത്തെ സമ്മേളനം വഴിയൊരുക്കുന്നത്.




# കളമശ്ശേരി മെഡിക്കൽ സെന്റർ ഉദ്ഘാടനം ചെയ്തു

**കളമശ്ശേരി:** കളമശ്ശേരി മെഡിക്കൽ സെന്റർ പ്രവർത്തനം ആരംഭിച്ചു. കളമശേരി മെട്രോ സ്റ്റേഷന് സമീപം ആരംഭിച്ച മെഡിക്കൽ സെന്റർ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്തു. രോഗികൾക്ക് ആവശ്യമായ പരിചരണം ഉറപ്പാക്കുകയാണ് ആരോഗ്യ മേഖലയിൽ അനിവാര്യമെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു.രണ്ടു നിലകളിലായി കളമശ്ശേരി ദേശീയ പാതയോരത്താണ് മെഡിക്കൽ സെന്റർ പ്രവർത്തിക്കുന്നത്. ഒരു വർഷം മുൻപ് കിഴക്കമ്പലം മെഡിക്കൽ സെന്റർ ആരംഭിച്ചിരുന്നു. ജനറൽ മെഡിസിൻ, പീഡിയാട്രിക്, ഗൈനകോളജി, ഇൻടി, ഓർത്തോ, ഡെന്റൽ തുടങ്ങി വിവിധ വിഭാഗങ്ങളിലെ കൺസൾട്ടേഷനൊപ്പം, എക്സറേ, സ്കാനിംഗ്, ലബോറട്ടറി, ഫാർമസി സൗകര്യവും ഒരുക്കിയിട്ടുണ്ട്.ആലുവ എംഎൽഎ അൻവർ സാദത്ത്, കളമശ്ശേരി മുൻസിപ്പൽ ചെയർപേഴ്സൺ സീമ കണ്ണൻ, മുൻ എംഎൽഎ എ എം യുസഫ്, നജീബ്, ഡോ. നാസർ, ഡോ വർഗീസ് പോൾ, മാനേജിങ് പാർട്ണർമാരായ ഡോ. അജ്മൽ, വിവേക് പോൾ എന്നിവർ സംബന്ധിച്ചു



# ടോണി ജോൺ അസറ്റ് ഹോംസ് സിഇഒ



**കൊച്ചി:** സംസ്ഥാനത്തെ പ്രമുഖ റിയൽ എസ്റ്റേറ്റ് ഡെവലപ്പറായ അസറ്റ് ഹോംസ് ടോണി ജോണിനെ കമ്പനിയുടെ പുതിയ സിഇഒ ആയി നിയമിച്ചു. വിപണിസാന്നിധ്യം വർധിപ്പിക്കാനും മികച്ച വളർച്ച കൈവരിക്കാനും കമ്പനി ലക്ഷ്യമിടുന്ന ഈ സന്ദർഭത്തിലെ സുപ്രധാന നീക്കമാണ് ടോണി ജോണിന്റെ നിയമനമെന്ന് അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ സുനിൽ കുമാർ വി. പറഞ്ഞു. മൂന്നു ദശകത്തിനടുത്ത് അനുഭവ സമ്പത്തുള്ള ടോണി ജോൺ ഏറ്റവും ഒടുവിൽ ഗോദ്റേജ് ആൻഡ് ബോയ്സിന്റെ റീജിയണൽ ഹെഡ് (സൗത്ത് ഇന്ത്യ) ആയിരുന്നു. 104ാമത്തെ പദ്ധതിക്ക് ഇക്കഴിഞ്ഞ വെള്ളിയാഴ്ച കോഴിക്കോട്ട് തറക്കല്ലിട്ട അസറ്റ് ഹോംസ് വളർച്ചയുടെ നിർണായക ഘട്ടത്തിലാണെന്നും ടോണി ജോണിന്റെ നേതൃപാടവവവും അനുഭവസമ്പത്തും ഈ സന്ദർഭത്തിൽ കമ്പനിക്ക് ഏറെ മുതൽക്കൂട്ടാകുമെന്നും സുനിൽ കുമാർ പറഞ്ഞു.

# പകർച്ചവ്യാധി ഇതരരോഗങ്ങൾ വർധിക്കുന്നതായി സർവേ

**കൊച്ചി:** ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരാത്ത രോഗങ്ങൾ (എൻസിഡികൾ) ആയ പ്രമേഹം, രക്താതിസമ്മർദം, അമിതവണ്ണം, ഡിസ്ലിപ്ഡേമിയ എന്നിവ ഇന്ത്യയിൽ വളരെ അധികം ഉയർന്ന തോതിലാണെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്ഇന്ത്യ ഡയബറ്റിസ് (ഐസിഎംആർഐഎൻഡിഐഎബി) സർവേ. 20 വയസിനു മുകളിൽ പ്രായമുള്ള 33,537 പേരിലും ഗ്രാമ പ്രദേശങ്ങളിലുള്ള 79,506 പേരിലുമായി 31 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമാണ് സർവേ നടത്തിയത്. നഗര മേഖലകളിൽ മെറ്റബോളിക് എൻസിഡികളാണ് സർവസാധാരണമായി കുവരുന്നതെങ്കിലും, ഗ്രാമീണ മേഖലയിലും മുമ്പ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്ത തരത്തിൽ ഈ രോഗങ്ങൾ നിർണായകമാംവിധം കൂടുതലാവുന്നതായി പഠനത്തിലൂടെ കത്തെി. അതേസമയം, എൻസിഡികൾ പൊതുവായി തടയുവാനും നിയന്ത്രിക്കുവാനും കഴിയുന്നവയാണെന്ന് വിദഗ്ധർ പറയുന്നു. ഇന്ത്യയിൽ സംഭവിക്കുന്ന 66% മരണങ്ങൾക്കും കാരണമാകുന്നത് പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളാണെന്നാണ് ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട്. അതിലൊന്നാണ് പ്രമേഹം. നിലവിൽ തന്നെ പ്രമേഹം ഉള്ള വ്യക്തികളുടെ ഭക്ഷണ ക്രമത്തിൽ ബദാം പോലെ ആവശ്യത്തിന് പ്രോട്ടീനും ഫൈബറും അസംസ്കൃത കാർബോഹൈഡ്രേറ്റുകളും ഉള്ള ഭക്ഷണങ്ങൾ ഉൾപ്പെടുത്തേത് പ്രധാനമാണെന്ന് ന്യൂട്രീഷ്യൻ ആന്റ് വെൽനെസ്സ് കൺസൾട്ടന്റായ ഷീലാ കൃഷ്ണസ്വാമി പറഞ്ഞു.

# സോണി പുതിയ ഡബ്ല്യുഎഫ്സി 700എൻ ഇയർബഡുകൾ അവതരിപ്പിച്ചു



**കൊച്ചി:** സോണി ഇന്ത്യ ഏറ്റവും പുതിയ ഡബ്ല്യുഎഫ്സി700എൻ വയർലെസ് ഇയർബഡുകൾ പുറത്തിറക്കി. മികച്ച ശബ്ദ നിലവാരവും നോയ്സ് ക്യാൻസലേഷനും ഒരേസമയം രണ്ട് ഡിവൈസുകൾക്കിടയിൽ വേഗത്തിൽ മാറാൻ സഹായിക്കുന്ന മൾട്ടിപോയിന്റ് കണക്ഷൻ, ഐപിഎക്സ്4 ഡിസൈൻ എന്നിവയാണ് പ്രധാന സവിശേഷതകൾ. പത്ത് മിനിറ്റ് ചാർജിങ് 15 മണിക്കൂർ വരെ ബാറ്ററി ലൈഫും ഒരു മണിക്കൂർ പ്ലേബാക്കും നൽകും. 2023 ജൂലൈ 15 മുതൽ സോണി റീട്ടെയിൽ ഉൾപ്പെടെയുള്ള ഇന്ത്യയിലെ പ്രധാന ഇലക്ട്രോണിക് സ്റ്റോറുകൾ, മറ്റ് ഇകൊമേഴ്സ് വെബ്സൈറ്റുകൾ, എന്നിവയിലുടനീളം ഡബ്ല്യുഎഫ്സി700എൻ ലഭ്യമാകും. വൈറ്റ്, ബ്ലാക്ക്, ലാവെൻഡർ, സേജ് ഗ്രീൻ എന്നീ നിറങ്ങളിൽ വരുന്ന പുതിയ മോഡലിന് 8,990 രൂപയാണ് വില.

# വിദ്യാർഥികൾക്ക് ജീവിതത്തിൽ എ പ്ലസ് നേടാൻ കഴിയണം

**വടകര/ കോഴിക്കോട്:** എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടാൻ കഴിഞ്ഞു എന്നതല്ല വിജയമെന്നും ജീവിതത്തിൽ എ പ്ലസ് നേടാൻ കഴിയണമെന്നും മാന്ത്രികനും വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തകനുമായ ഗോപിനാഥ് മുതുകാട്. കെ.പി കുഞ്ഞമ്മദ്കുട്ടി മാസ്റ്ററുടെ എം.എൽ.എ നേതൃത്വത്തിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയായ സ്മാർട്ട് കുറ്റ്യാടി ഇന്ത്യയിലെ ഏറ്റവും വലിയ പ്ലേ പാർക്കായ ആക്ടീവ് പ്ലാനറ്റും സഹകരിച്ച് നടത്തിയ വിജയോത്സവം 2023 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതിസന്ധികളും പ്രശ്നങ്ങളുമെല്ലാം പിന്നിലേക്ക് പിടിച്ച് വലിക്കുമ്പോൾ അതിജീവിച്ച് ജീവിതത്തിന്റെ പാതയിൽ കുതിക്കാൻ കഴിയണം. തിരിഞ്ഞു നോക്കുമ്പോൾ ജീവിതം സ്വന്തം ജീവിതം സുന്ദരമായി എന്നതിനൊപ്പം മറ്റുള്ളവർക്ക് കൂടി ജീവിക്കാൻ കഴിഞ്ഞു എന്ന് ബോധ്യപ്പെടണം. ഇതിനായി മാതാപിതാക്കൾ മക്കളെ നല്ല മനുഷ്യരായി വളർത്തണം. ഇന്നത്തെ ലോകത്ത് നമ്മൾ അറിയാതെ തന്നെ വീണു പോകുന്ന ഒരുപാട് ചതിക്കുഴികൾ ഉണ്ട്. എന്തൊക്കെ പ്രലോഭനങ്ങൾ ഉണ്ടായാലും ലഹരി ഉൾപ്പടെയുള്ള അരുതാത്ത കാര്യങ്ങളിലേക്ക് പോകില്ല എന്ന് ദൃഢമായി ഉറപ്പിച്ച് പറയാൻ കഴിയേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കെ.പി കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ അധ്യക്ഷത വഹിച്ചു. പ്രീ സ്കൂൾ മുതൽ ഉന്നത വിദ്യാഭ്യാസ മേഖല വരെ പഠന നിലവാരവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തി പുരോഗതി കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്മാർട്ട് കുറ്റ്യാടി പദ്ധതി നടപ്പാക്കുന്നതെന്ന് എം.എൽ.എ. പറഞ്ഞു. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല ശശി മുഖ്യാതിഥിയായ ചടങ്ങിൽ വടകര നഗരസഭ അധ്യക്ഷ കെ.പി ബിന്ദു മുഖ്യ പ്രഭാഷണം നിർവഹിച്ചു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും മികച്ച വിജയം നേടിയ സ്കൂളുകളെയും ചടങ്ങിൽ ആദരിച്ചു. 11 സ്കൂളിൽ നിന്നായി 1300 കുട്ടികൾക്കാണ് ഉപഹാരം നൽകി ആദരിച്ചത്.പൊതു വിദ്യാഭ്യാസ ശാക്തീകരണം ലക്ഷ്യമിട്ട് വിജയോത്സവം, എളുപ്പമാണ് എസ്.എസ്.എൽ.സി, ഇൻട്രോ ടു ആസ്ട്രോ പഠന കോഴ്സ്, സ്പർഷം, അറിവോത്സവം, ശാസ്ത്ര വണ്ടി, ലഹരി മുക്ത ക്യാമ്പയിൻ, സർവീസ് ക്ലിനിക്ക് തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് സ്മാർട്ട് കുറ്റ്യാടിയുടെ നേതൃത്വത്തിൽ ഇതിനോടകം നടപ്പാക്കിയിട്ടുള്ളത്. രാജ്യത്തെ തന്നെ ഏറ്റവും വലിയ പ്ലേ പാർക്കായ കുറ്റ്യാടി ആക്ടീവ് പ്ലാനറ്റായിരുന്നു പരിപാടിയുടെ മുഖ്യ സ്പോൺസർ. കുട്ടികൾക്ക് ആരോഗ്യത്തോടെ ഉല്ലസിക്കാനുള്ള വഴി തുറന്ന സ്ഥാപനമാണ് ആക്റ്റീവ് പ്ലാനറ്റ്. മൊബൈൽ ഫോൺ, ടെലിവിഷൻ എന്നിവക്ക് അടിമപ്പെട്ട് പോകുന്ന യുവ തലമുറയെ ഇതിൽ നിന്ന് പുറത്തു കൊണ്ടുവരിക, പഠനത്തോടൊപ്പം പ്രകൃതിയും മണ്ണുമായും ഇണങ്ങിച്ചേർന്ന് ജീവിത വിജയം നേടാൻ പ്രേരിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ആക്ടീവ് പ്ലാനറ്റ് സ്ഥാപിച്ചിട്ടുള്ളത്. ഇതിനായി നിരവധി ഫ്രീ സ്റ്റൈൽ റൈഡുകളും ലക്ഷക്കണക്കിന് സസ്യലതാതികളുമാണ് ഒരുക്കിയിട്ടുള്ളത്. കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നിരവധി പ്രവർത്തനങ്ങൾക്കാണ് ആക്ടീവ് പ്ലാനറ്റ് നേതൃത്വം നൽകുന്നത്.വടകര ടൗൺഹാളിൽ നടന്ന ചടങ്ങിൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. ശ്രീലത, കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി ചന്ദ്രി, തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി വനജ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ ടി.കെ അഷ്റഫ്, സബിത മണക്കുനി, കാട്ടിൽ മൊയ്തു കെ.കെ ബിജുള നയീമ കുളമുള്ളതിൽ, ഒ.ടി നഫീസ, കെ.പി റീത്ത, അഡ്വ. വി.കെ ജ്യോതിലക്ഷ്മി, കോഴിക്കോട് ആർ.ആർ.ഡി എം സന്തോഷ് കുമാർ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ കെ.വി റീന, പി. സുരേന്ദ്രൻ, അംഗങ്ങളായ എൻ.എം വിമല, കൂടത്താംകണ്ടി സുരേഷ്, സിഎം യശോദ, കുറ്റ്യാടി മണ്ഡലം കോർഡിനേഷൻ കമ്മിറ്റി കോ ഓർഡിനേറ്റർ കെ.കെ ദിനേശൻ, വിദ്യാഭ്യാസ, രാഷ്ട്രീയ, സാംസ്കാരിക, സാമൂഹ്യ മേഖലകളിലെ പ്രമുഖർ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.




# കുഫോസ്: രണ്ടാം ഘട്ട പി.ജി പ്രവേശനം 13 ന്

**കൊച്ചി :** കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) വിവിധ എം.എസ്.സി , എം.ടെക് കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട പ്രവേശനം ജൂലൈ 13 ന് നടക്കും. രാവിലെ 10.30 ന് കുഫോസ് ആസ്ഥാനത്താണ് പ്രവേശന നടപടികൾ. ഒന്നാം ഘട്ട പ്രവേശനത്തിൽ പങ്കെടുക്കുകയും പ്രവേശനം ലഭിക്കാതിരിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്ക് രണ്ടാം ഘട്ട അലോട്ട്മെൻറിൽ മുൻഗണന ലഭിക്കും. അവരുടെ അഭാവത്തിൽ മറ്റുള്ളവരെ പരിഗണിക്കും. എം.എസ്.സി കോഴ്സുകളിലേക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന സമയത്ത് അടക്കേണ്ട ഫീസ് 46,278 രൂപയാണ് . എം.ടെക് കോഴ്സുകളിലേക്കുള്ള ഫീസ് 51,778 രൂപയുമാണ് . എല്ലാ കോഴ്സുകളിലും ഫീസ് ഇളവിന് അർഹതയുള്ളവർ 15,178 രൂപ അടച്ചാൽ മതിയാകും).എൻ.ആർ.ഐ, സ്പോർട്ട്സ്, സ്പെഷ്യൽ റിസർവേഷൻ, പി.ഡബ്ളിയു,ഡി, ക്വാട്ടകളിലേക്കുന്ന പ്രവേശനം 14 ന് രാവിലെ 10 .30 ന് നടക്കും. കുഫോസ് പ്രവേശന പരീക്ഷ എഴുതാത്തവരെയും ഈ ക്വാട്ടകളിലേക്ക് പരിഗണിക്കും.കൂടുതൽ വിവരങ്ങൾക്ക് കുഫോസ് വെബ് സൈറ്റ് (www.kufos.ac.in) സന്ദർശിക്കുക. ഫോൺ 04842701085

# ' ഒരു ജാതി ജാതകം ' കുറിച്ച് തുടങ്ങി



**കൊച്ചി:** 'അരവിന്ദന്റെ അതിഥികൾ' എന്ന വൻ വിജയത്തിന് ശേഷംവിനീത് ശ്രീനിവാസനെ നായകനാക്കി എം മോഹനൻ സംവിധാനം ചെയ്യുന്ന 'ഒരു ജാതി ജാതകം ' എന്ന ചിത്രത്തിന്റെ ചിത്രീകരണം എറണാകുളത്ത് ആരംഭിച്ചു. നിഖില വിമൽ,ബാബു ആന്റണി,പി പി കുഞ്ഞികൃഷ്ണൻ, മൃദുൽ നായർ,ഇഷാ തൽവാർ വിധു പ്രതാപ്,സയനോര ഫിലിപ്പ്,കയാദു ലോഹർ,രഞ്ജ്ജി കങ്കോൽ,അമൽ താഹ,ഇന്ദു തമ്പി,രഞ്ജിത മധു,ചിപ്പി ദേവസ്യ,വർഷ രമേശ്, അരവിന്ദ് രഘു, ശരത്ത് ശഭ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ. വർണച്ചിത്രയുടെ ബാനറിൽ മഹാസുബൈർ നിർമിക്കുന്ന 'ഒരു ജാതി ജാതകം' എന്ന ചിത്രത്തിന്റെ ഛായാഗ്രഹണം വിശ്വജിത് ഒടുക്കത്തിൽ നിർവ്വഹിക്കുന്നു. രാകേഷ് മണ്ടോടി തിരക്കഥ സംഭാഷണം എഴുതുന്നു. എഡിറ്റർ രഞ്ജൻ എബ്രഹാം,ഗാനരചന മനു മഞ്ജിത്ത്,സംഗീതം ഗുണ ബാലസുബ്രമണ്യം, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ സൈനുദ്ദീൻ,കല ജോസഫ് നെല്ലിക്കൽ,മേക്കപ്പ് ഷാജിപുൽപള്ളി, വസ്ത്രാലങ്കാരം സുജിത് മട്ടന്നൂർ, കോ റൈറ്റർ സരേഷ് മലയൻകണ്ടി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ സൈനുദ്ദീൻ, പ്രൊഡക്ഷൻ കൺട്രോളർ ഷമീജ് കൊയിലാണ്ടി, ക്രിയേറ്റീവ് ഡയറക്ടർ മനു സെബാസ്റ്റ്യൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ അനിൽ എബ്രാഹം, കാസ്റ്റിംഗ് ഡയറക്ടർ പ്രശാന്ത് പാടൃം, സ്റ്റിൽസ് പ്രേംലാൽ പട്ടാഴി, പരസ്യക്കല അരുൺ പുഷ്ക്കരൻ, വിതരണം വർണ്ണച്ചിത്ര, പി ആർ ഒഎ എസ് ദിനേശ്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663